കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.dowyd.ksad@kerala.gov.in

# പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി2- 602 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് .

തീയതി – 23.10.2017

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

പടിഞ്ഞാറത്തറഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2,2-3,2-4,2-5 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-15,3-27 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി2- 602 /2017

തിയ്യതി:23.10.2017

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.10.2016 മുതൽ 31.3.2017 വരെയുമുള്ള വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീ . പി . എസ് വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ<br>20.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഒ. കെ. അഗസ്റ്റ്യൻ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി ഡേവിഡ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി അക്ബർ കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ജയൻ. പി<br>ഓഡിറ്റർ |
| | ശ്രീമതി. ഇന്ദു. കെ നായർ<br>ഓഡിറ്റർ |

(ബി) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സജേഷ് പി .ജി | 01.04.2016 മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. നസീമ പൊന്നാണ്ടി | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി. ശാന്തിനി ഷാജി | 01.04.2016 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. ഉഷാ വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീ. നൗഷാദ് എം . പി | 01.04.2016 മുതൽ 31.03.2017 വരെ |

ബി ) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.അനിൽ രാമകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷീൻ തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ഹസീന കരീം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ശാന്തമ്മ കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം .കെ ജയകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ.പ്രിൻസ്. ടി. യു | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. സായൂജ്. വി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മുനവർ. കെ | 01.04.2016 മുതൽ 07.07.2016 വരെ |
| | ശ്രീ. വിനോദ് കെ .എൻ | 08.07.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ശശികുമാർ പുത്തൻപുരയിൽ | 01.04.2016മുതൽ 04.06.2016 വരെ |
| | ശ്രീ കെ.കെ സന്തോഷ് | 05.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. സുരേഷ് കുമാർ | 01.04.2016 മുതൽ 16.01.2017 വരെ |
| | ഡോ . ജീജ സി | 17.01.2017 മുതൽ 01.02.2017 വരെ |
| | ഡോ . സിൻസി പവിത്രൻ | 02.02.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക |
|---|---|---|

| | | |
|---|---|---|
| നം. | | നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 – വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 12 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ച | 2.2 |

| | | |
|---|---|---|
| 13 | റിസോർട്ടുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 2.3 |
| 14 | സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ ,ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല | 2.4 |
| 15 | പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല | 2.5 |
| 16 | 2013-14 വർഷത്തിന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ല | 2.6 |
| 17 | റിസോർട്ടുകൾക്ക് കെട്ടിട പെർമിറ്റ് നല്കിയതിലെയും വസ്തു നികുതി നിർണ്ണയിച്ചതിലെയും അപാകതകൾ | 2-7 |
| 18 | ബാണാസുര ഡാം സൈറ്റിനടുത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥലം നിരപ്പാക്കി | 2-8 |
| 19 | ബാണാസുര ഡാം സൈറ്റിനടുത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ പേ പാർക്കിംഗ് പ്രവർത്തിക്കുന്നു | 2-9 |
| 20 | കെട്ടിടനിർമ്മാണ ക്രമവത്ക്കരണ രജിസ്റ്ററും അപേക്ഷകളും ഹാജരാക്കിയില്ല | 2-10 |

| | | |
|---|---|---|
| 21 | കെട്ടിടങ്ങളുടെ പെർമിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 2-11 |
| | ചെക്ക് തുക ബാങ്കിൽ വരവ് വയ്ക്കാത്തത് സംബന്ധിച്ച് | |
| | തൊഴിൽ നികുതി - അപാകതകൾ | |
| 22 | ഭിന്ന ശേഷിയുള്ളവർക്ക് മുട്ടക്കോഴി വിതരണം (ജനറൽ) - 45000/- രൂപ നഷ്ടം | 3-1 |
| 23 | ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-2 |
| 24 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല | 3-3 |
| 25 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി - പണം പിൻവലിച്ചെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല | 3-4 |
| 26 | എസ്.സി /എസ്.റ്റി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ – മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്തിട്ടില്ല | 3-5 |
| 27 | വീട് പണി പൂർത്തിയാക്കിയിട്ടില്ല | 3-6 |
| 28 | വി.ഇ.ഒ യുടെ ബാങ്ക് അക്കൗണ്ടിൽ പണം അവശേഷിക്കുന്നു | 3-7 |

| | | |
|---|---|---|
| 29 | കൃഷി ഓഫീസർ – രജിസ്റ്റർ / രേഖകളുടെ സൂക്ഷിപ്പ് - പൊതു അപാകതകൾ | 3-8 |
| 30 | ആശ്രയപദ്ധതി വിഹിതം നല്കിയത് - ഫണ്ട് വിനിയോഗിക്കാനവശേഷിക്കുന്നു. | 3-9 |
| 31 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടച്ചതിലെ അപാകതകൾ - | 3-10 |
| 32 | ഭവന നിർമ്മാണ പദ്ധതിയിൽ പഞ്ചായത്ത് വിഹിതം നല്കി - വീട് പണി പൂർത്തീകരിക്കാത്തത് - സംബന്ധിച്ച് | 3-11 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - എസ്റ്റിമേറ്റ് നിരക്കുകൾ - സി.പി.ഡബ്ല്യൂ.ഡി.(ഡി.എ.ആർ.)നിരക്കുകളേക്കാൾ അധികം | 3-12 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ഉപയോഗിച്ചുള്ള വർക്കുകൾ - സാധനങ്ങളുടെ വിതരണം- വാറ്റ് ഈടാക്കിയിട്ടില്ല | 3-13 |
| 35 | വായ്പകളുടെ തിരിച്ചടവ് - വിശദ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 3-14 |
| 36 | തെരുവ് വിളക്കുകൾ - അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 3-15 |
| 37 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയില്ല | 3-16 |

| | | |
|---|---|---|
| 38 | അങ്കണവാടി മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നില്ല | 3-17 |
| 39 | ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തതിലെയും വിതരണം ചെയ്തതിലേയും അപാകതകൾ | 3-18 |
| 40 | ന്യൂട്രിമിക്സ് വാങ്ങിയതിന് തെറ്റായി കുടിശ്ശിക നല്കി | 3-19 |
| 41 | പാചക വാതക സിലിണ്ടർ വാങ്ങിയതിന് ക്യാഷ് മെമ്മോ (കസ്റ്റമർ കോപ്പി) ഇല്ലാതെ തുക നല്കി | 3-20 |
| 42 | അനുപൂരക പോഷകാഹാരത്തിന്റെ കേന്ദ്രവിഹിതം കേന്ദ്രവിഹിതം കുറവ് ലഭിച്ചു | 3-21 |
| 43 | ഹോണറേറിയം നല്കിയതിന്റെ കൈപ്പറ്റ് രസീതില്ല | 3-22 |
| 44 | വൃദ്ധജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് , ഔഷധ വടി വിതരണം – പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-23 |
| 45 | രോഗ പ്രധിരോധ കുത്തിവെയ്പ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-24 |
| 46 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല | 3-25 |
| 47 | ഭൗതിക നേട്ട റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 3-26 |
| 48 | ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗം | 3-27 |
| 49 | അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 3-28 |

| | | |
|---|---|---|
| | | |
| 50 | രേഖകൾ ഹാജരാക്കായില്ല – 5,00,000 /- രൂപ തടസ്സപ്പെടുത്തുന്നു | 3-29 |
| 51 | ഗുണഭോക്തൃ സമിതികൾക്ക് അധിക തുക നൽകിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 3-30 |
| 52 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല | 3-31 |
| 53 | മരാമത്ത് പ്രവൃത്തി - അളവ് പരിശോധിക്കാതെ തുക അനുവദിച്ചു | 3-32 |
| 54 | ഭാഗം 4 -പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 55 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 56 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 58 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 60 | ഓഡിറ്റ് റിക്കവറി | 4-6 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| | | |
| 62 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 64 | അനുബന്ധം – സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016ലെ 34/15-16 -ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25.03.2017 ലെ 48/17 -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുൻബാക്കി 6000000/- രൂപയും , വരവ് 109378900/- രൂപയും ആണ്. യഥാർത്ഥ മുൻബാക്കി 21666490 .50/- രൂപയും , വരവ് 84033750/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 27.7.17 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9485393.5 |
| വരവ് | 65418903 |
| ആകെ | 74904296.5 |
| ചെലവ് | 57155003 |
| നീക്കിയിരിപ്പ് | 17749293.5 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12679858 | 12679858 | 12679858 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2375013 | 2375013 | 2375013 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4064888 | 4064888 | 4064888 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1951828 | 1951828 | 1951828 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2154855 | 2154855 | 2154855 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4906533 | 4906533 | 4906533 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 81432986 | 90 | 32561329 | 170 | 8 | 34 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21,06,664/- രൂപയുടെ ( 36% ) വർദ്ധനവ് ഉണ്ടായിട്ടുണ്ട് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3711165 | 4163821 | 452656 | |
| നികുതിയേതര വരവുകൾ | 2177738 | 3831746 | 1654008 | |
| മറ്റുവരവുകൾ | -- | -- | | |
| ആകെ | 5888903 | 7995567 | 2106664 | (+)36 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 50 | 66480 |
| കർഷകതൊഴിലാളി പെൻഷൻ | 622 | 4754550 |
| വിധവാ പെൻഷൻ | 1010 | 9146000 |
| വാർദ്ധക്യകാല പെൻഷൻ | 1192 | 9997695 |
| വികലാംഗ പെൻഷൻ | 321 | 2899265 |
| അവിവാഹിത പെൻഷൻ | 6 | 45660 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2017 ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,01,959/-രൂപ ( ഒരു ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപത് ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2016 മുതൽ 01.12.2016 വരെ | 07/2016 മുതൽ 09/2016 വരെ | 30.01.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2006-07 മുതൽ 2010-11 വരെ | 02.06.2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തൻവർഷം ഫിക്സഡ് അസറ്റ്സിന് ബാലൻസ് ഷീറ്റിൽ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ലോണിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല (ആകെ ലോൺ തുക, നാളിതുവരെയുള്ള തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക, തൻ വർഷത്തെ ലോൺ വരവും തിരിച്ചടവും, പിഴപലിശ തുടങ്ങിയ വിവരങ്ങൾ). ലോൺ അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റും /പാസ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

4) വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ബി - 17 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അക്കൗണ്ടുകൾ എന്ത് ആവശ്യത്തിനുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

| അക്കൗണ്ട് | ബി - 17 പ്രകാരമുള്ള ആസ്തി |
|---|---|
| ട്രഷറി വിപിഎഫ് (**) | 17081 |
| കനറാ ബാങ്ക് 11392 | 17015 |
| കനറാ ബാങ്ക് 18331 | 43583 |
| SCB O.A. Pension | 1040 |

(**)അക്കൗണ്ടിന്റെ പാസ് ബുക്ക് /സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) കനറാ ബാങ്ക് MNREGA അക്കൌണ്ട് റീകൺസിലിയേഷനിൽ 01.04.2016 -ൽ 1225/-രൂപ ഡയറക്റ്റിലി ക്രെഡിറ്റഡ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ തുകയുടെ കൃത്യത വ്യക്തമാക്കിയിട്ടില്ല.

6) ബാലൻസ് ഷീറ്റിൽ ബി - 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള സി. ഡി.എസ് -ന്റെയും, അസിസ്റ്റന്റ് സെക്രട്ടറിയുടെയും അക്കൗണ്ടുകൾ പ്രകാരം ഉള്ള ആസ്തിക്ക് തുല്യമായ തുക ബി - 5 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

7) ഡി & ഒ ലൈസൻസ് ഡിമാണ്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

8) നികുതി നികുതിയേതിര ഇനങ്ങളുടെ കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള ഡിമാണ്ടും കളക്ഷനും വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാണ്ടും കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ | | കളക്ഷൻ രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | ഡിമാണ്ട് | കളക്ഷൻ | ഡിമാണ്ട് | കളക്ഷൻ |
| കെട്ടിട വാടക | 741984 | 725542 | 741984 | 741984 |
| വസ്തു നികുതി | 3519509 | 2159826 | (**)3510281 | 2245414 |
| വസ്തു നികുതി(കുടിശ്ശിക) | 1402626 | 1077635 | (**)2457077 | 1034374 |

(**)സഞ്ചയ റിപ്പോർട്ട് പ്രകാരം

9) ട്രേഡേഴ്സിന്റെ തൊഴിൽ നികുതി വാർഷിക കണക്കിലെയും ഡിമാണ്ട് രജിസ്റ്ററിലെയും ഡിമാണ്ടും കളക്ഷനും തുല്യമാണ്. എന്നാൽ 37300/-രൂപ മുൻ വർഷത്തെ വാർഷിക കണക്കിൽ മുൻകൂർ വരവായി രേഖപ്പെടുത്തിയത് തൻവർഷത്തെ വാർഷിക കണക്കിലും മുൻകൂർ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

10)കുടിശ്ശിക ഡിമാണ്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ നികുതി നികുതിയേതിര ഇനങ്ങളുടെ കുടിശ്ശികയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

11) ക്ഷേമപെൻഷൻ ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

12) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള ബാങ്ക് അക്കൌണ്ടുകളിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത തുക (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൌണ്ടുകളിലെ തുക) നീക്കിയിരിപ്പായുണ്ട്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൌണ്ട് നമ്പർ | 31.03.2017- ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 0355101022069 (Canaral bank ) | 240547 |
| 2 | ഹെഡ് മാസ്റ്റർ | 0355101016247 (Canaral bank ) | 30903 |

13) അസിസ്റ്റന്റ് എഞ്ചിനീയർ 6 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 6,05,000/- രൂപ കെ.എസ്.ഇ.ബി. -യ്ക്ക് നൽകിയിട്ടുണ്ട് . എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത തുകകൾ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

14) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ബസ് സ്റ്റാന്റ് റസീപ്റ്റ് ഇനത്തിൽ 16,050/- രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ വരവില്ല.

15) തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വാട്ടർ ചാർജ് അടവാക്കിയത് സംരക്ഷണ ഗ്രാന്റിൽ നിന്നും റീക്കൂപ്പ് ചെയ്തത് വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

16) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 7,97,000/- വെള്ളക്കരം ഇനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരവും ഇതേ തുക തന്നെ വരുമാനമായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിലുള്ള വരവിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

17) ബാലൻസ് ഷീറ്റിൽ ബി-5(എ) ഷെഡ്യൂളിൽ 20,146/-രൂപ വസ്തു നികുതിക്ക് പ്രോവിഷൻ രേകപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി കുടിശ്ശിക എഴുതി തള്ളിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

18) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷനുവേണ്ടി വാട്ടർ അതോറിറ്റിക്ക് മുൻകൂറായി നൽകിയ 6,05,000/- രൂപ വാർഷിക കണക്കുകളിൽ മുൻകൂറായി രേഖപ്പെടുത്താതെ ചെലവായി രേഖപ്പെടുത്തി.

19)ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നംപർ 47/16-17, തീയ്യതി 20/09/2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ ന്യൂനതകൾ കാരണം വാർഷിക കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ സാധ്യമല്ല. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 28.06.2011 ലെ 128- ാം നമ്പർ തീരുമാന പ്രകാരം

100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70 /- രൂപയാണ്. കൂടാതെ മേൽ ചട്ടത്തിലെ 3- ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ, ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 50/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. ഇത്തരത്തിലുള്ള ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)ശ്രീ .ഉസ്മാൻ അയ്യാർ, പടിഞ്ഞാറത്തറ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

കെട്ടിട നമ്പർ-11/333-A മുതൽ T വരെ. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം/ അടിസ്ഥാന നിരക്ക് | ഇളവ് (നില)/ വർദ്ധനവ് (വഴി സൗകര്യം -20 %) | ലൈബ്രറി സെസ്(5 %) | | |
| 1 | 11/333-A | 81.78 | ഭൂനിരപ്പ് നില- 541.72ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %. നിർണ്ണയിച്ച വസ്തുനികുതി=32164/- ലൈബ്രറിസെസ്-1613/- ആകെ-33777/- | | | | ഫോറം 6 പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം-541.72 ഈടാക്കേണ്ട വസ്തുനികുതി അടിസ്ഥാന നിരക്ക്-70/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) =541.72 x70x1.2=45504/- ലൈബ്രറി സെസ് 5%=2275/- ആകെ-47779/- |
| | 11/333-B | 50 | | | | | |
| | 11/333-C | 42.72 | | | | | |
| | 11/333-D | 78 | | | | | |
| | 11/333-E | 87.38 | | | | | |
| | 11/333-F | 58.8 | | | | | |
| | 11/333-G | 68.16 | | | | | |
| | 11/333-U-,, | 19.2 | | | | | |
| | 11/333-V-,, | 55.68 | | | | | |
| | 11/333-H-ഒന്നാം നില | 32.24 | ഒന്നാം നില- 219.44ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.ലൈബ്രറിസെസ്-5 %. നിർണ്ണയിച്ച വസ്തുനികുതി=12069/- ലൈബ്രറിസെസ്-603/- ആകെ-12672/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം ഒന്നാം നില യുടെ - വിസ്തീർണ്ണം- 219.44 . ഈടാക്കേണ്ട വസ്തുനികുതി അടിസ്ഥാന നിരക്ക്-70/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%) ,=219.44 x70x1.2=18433/- നില-ഇളവ്-5 %=922/- ഈടാക്കേണ്ട വസ്തുനികുതി=17511/- ലൈബ്രറി സെസ് 5%=876/- ആകെ-18387/- |
| | 11/333-I-,, | 15.6 | | | | | |
| | 11/333-J-,, | 15.6 | | | | | |
| | 11/333-K-,, | 15.6 | | | | | |
| | 11/333-L-,, | 15.6 | | | | | |
| | 11/333-M-,, | 15.6 | | | | | |
| | 11/333-N-,, | 15.6 | | | | | |
| | 11/333-O-,, | 15.6 | | | | | |
| | 11/333-P-,, | 15.6 | | | | | |
| | 11/333-Q-,, | 15.6 | | | | | |
| | 11/333-R-,, | 15.6 | | | | | |
| | 11/333-S-,, | 15.6 | | | | | |
| | 11/333-T-,, | 15.6 | | | | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 19717 /-രൂപയുടെ കുറവുണ്ട്

(47779+18387) – (33777 + 12672) = 66166 – 46449 = 19717 /- )

2) ശ്രീമതി നാദിയ പി.എം ,മുക്രി ( വീട് ) എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

കെട്ടിട നമ്പർ-13/548-A മുതൽ E വരെ. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമനം | നിർണ്ണയിച്ച വസ്തുനികതി | | | | | ആകെ | നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം/ അടിസ്ഥാന നിരക്ക് | ഇളവ് (നില)/ വർദ്ധനവ് (വഴി സൗകര്യം -20 %) | ലൈബ്രറി സെസ്(5 %) | | |
| 1 | 13/548/A ഭൂനിരപ്പ് നില | 26 | ഭൂനിരപ്പ് നില-130 ച.മി ഉപയോഗക്രമം -ഷോപ്പ്.അടിസ്ഥാന നിരക്ക്-40/- രൂപ- വർദ്ധനവ്(വഴി സൗകര്യം)-20 %.ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=7800/-<br>ലൈബ്രറിസെസ്-390/-<br>ആകെ-8190/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം- 130. ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-70/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20 % =130 x70x1.2=10920/-<br>ലൈബ്രറി സെസ് 5%=546/-<br>ആകെ-11,466/- |
| 2 | 13/548/B | 26 | | | | | |
| 3 | 13/548/C | 26 | | | | | |
| | 13/548/D | 26 | | | | | |
| | 13/548/E | 26 | | | | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 3276/- രൂപയുടെ കുറവുണ്ട് (11466 – 8190).

3)ശ്രീ .മുഹമ്മദലി.എ.കെ,ആവിലോറ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

കെട്ടിട നമ്പർ-11/231-A മുതൽ K വരെ. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമനം | നിർണ്ണയിച്ച വസ്തുനികതി | | | | | ആകെ | നിർണ്ണയിക്കേണ്ടി യിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം/ അടിസ്ഥാന നിരക്ക് | ഇളവ് (നില)/ വർദ്ധനവ് (വഴി സൗകര്യം -20 %) | ലൈബ്രറി സെസ്(5 %) | | |
| 1 | 11/231-A | 121.73 | ഭൂനിരപ്പ് നില- 207.11ച.മി ഉപയോഗക്രമം -ഷോപ്പ്.<br>അടിസ്ഥാന നിരക്ക്-50/- രൂപ<br>വർദ്ധനവ്(വഴി സൗകര്യം)-20 %<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=11433/-<br>ലൈബ്രറിസെസ്-572/-<br>ആകെ-12005/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ വിസ്തീർണ്ണം- 207.11 ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-70/-രൂപ. വർദ്ധനവ് (വഴി സൗകര്യം)-20% ) 207.11x70x1.2=17397/-<br>ലൈബ്രറി സെസ് 5%=870/-<br>ആകെ-18267/- |
| | 11/231-B | 46.56 | | | | | |
| | 11/231-C | 38.82 | | | | | |
| | 11/231-D-ഒന്നാം നില | 31.25 | ഒന്നാം നില- 125ച.മി ഉപയോഗക്രമം -ഷോപ്പ്.<br>അടിസ്ഥാന നിരക്ക്-50/- രൂപ<br>വർദ്ധനവ് (വഴി സൗകര്യം)-20 %<br>ലൈബ്രറിസെസ് -5 %<br>ഇളവ് നില – 5 % | | | | ഒന്നാം നില - 125ച.മീ ഉപയോഗക്രമം -ഷോപ്പ്<br>അടിസ്ഥാന നിരക്ക്-70/- രൂപ<br>വർദ്ധനവ് (വഴി സൗകര്യം)-20 %. |

| | | | | |
|---|---|---|---|---|
| | 11/231-E-,, | 31.25 | | |
| | 11/23-F-,, | 31.25 | | |
| | 11/23-G-,, | 31.25 | | ലൈബ്രറിസെസ്-5 %.<br>നിർണ്ണയിക്കേണ്ട വസ്തുനികുതി=125x1.2x70=10500/-<br>ഇളവ് നില-5 %=525/-<br>ഈടാക്കേണ്ട വസ്തുനികുതി=9975/-<br>ലൈബ്രറിസെസ്-499/-<br>ആകെ-10474/-<br>രണ്ടാം നില - 125ച.മീ ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-70/- രൂപ വർദ്ധനവ്(വഴി സൗകര്യം)-20 % ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=125x70x1.2=10500/-<br>ഇളവ് നില-10 %=1050/-<br>ഈടാക്കേണ്ട വസ്തുനികുതി=9450/-<br>ലൈബ്രറിസെസ്-473/-<br>ആകെ -9923/- |
| | 11/231-H-രണ്ടാം നില | 31.25 | നിർണ്ണയിച്ച വസ്തുനികുതി = 7186/-<br>ലൈബ്രറിസെസ് -389/-<br>ആകെ-7575/- | |
| | 11/231-I-രണ്ടാം നില | 31.25 | രണ്ടാം നില - 125ച.മീ ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക് -50/- രൂപ വർദ്ധനവ് (വഴി സൗകര്യം)-20 %. ലൈബ്രറിസെസ് -5 %. ഇളവ് നില -10 %<br>നിർണ്ണയിച്ച വസ്തുനികുതി = 6875/-<br>ലൈബ്രറിസെസ് -344/-<br>ആകെ -7219/- | |
| | 11/231-J-രണ്ടാം നില | 31.25 | | |
| | 11/231-K-രണ്ടാം നില | 31.25 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 11865/- രൂപയുടെ കുറവുണ്ട്(38664-26799).

4)ശ്രീ .അബ്ദുൾ സത്താർ, മുക്കാടൻ കണ്ടി മുതൽ പേരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

കെട്ടിട നമ്പർ-11/614-A മുതൽ J വരെ. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം/ അടിസ്ഥാന | ഇളവ് (നില)/ വർദ്ധനവ് | ലൈബ്രറി സെസ്(5 %) | | |

| | | | | | | |
|---|---|---|---|---|---|---|
| | | (m2) | നിരക്ക് | (വഴി സൗകര്യം -20 %) | | |

| | | | | |
|---|---|---|---|---|
| 1 | 11/614-A | 19.7 | ഭൂനിരപ്പ് നില- 197ച.മി<br>ഉപയോഗക്രമം -ഷോപ്പ്<br>അടിസ്ഥാന നിരക്ക്-50/- രൂപ<br>വർദ്ധനവ്(വഴി സൗകര്യം)-20 %<br>ലൈബ്രറിസെസ്-5 %<br>നിർണ്ണയിച്ച വസ്തുനികുതി=11820/-<br>ലൈബ്രറിസെസ്-600/-<br>ആകെ-12420/- | പൂർത്തീകരണപ്ളാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം- 197 ച.മീ ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-70/-രൂപ. വർദ്ധനവ്(വഴി സൗകര്യം)-20% ) =197 x70x1.2=16548/-<br>ലൈബ്രറി സെസ് 5%=827/-<br>ആകെ-17375/- |
| | 11/614-B | 19.7 | | |
| | 11/614-C | 19.7 | | |
| | 11/614-D | 19.7 | | |
| | 11/614-E | 19.7 | | |
| | 11/614-F | 19.7 | | |
| | 11/614-G | 19.7 | | |
| | 11/614-H | 19.7 | | |
| | 11/614-I | 19.7 | | |
| | 11/614-J | 19.7 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 4955/- രൂപയുടെ കുറവുണ്ട്(17375-12420).

ഇതു പോലെ കുറവായി വസ്തുനികുതി നിർണ്ണയിച്ച ഏതാനും വാണിജ്യകെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. ശ്രീ. മുഹമ്മദ്, കുന്നമ്മക്കണ്ടിയിൽ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 10/333-A മുതൽ L വരെ കെട്ടിട നമ്പറുള്ള കെട്ടിടം.
2. ശ്രീ. അബു, പുത്തൻപുരയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 14/290-A മുതൽ F വരെ കെട്ടിട നമ്പറുള്ള കെട്ടിടം.
3. ശ്രീ. റഫീക്ക്,ചാലിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 16/30-A മുതൽ E വരെ കെട്ടിട നമ്പറുള്ള കെട്ടിടം.
4. ശ്രീമതി ജമീല, അയ്യാർ,തരിയോട് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

   കെട്ടിട നമ്പർ-08/464-A മുതൽ E വരെ.
5. ശ്രീ. ജോൺസൺ,കുവയ്ക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 10/192-A മുതൽ H വരെ കെട്ടിട നമ്പറുള്ള കെട്ടിടം.
6. ശ്രീ. മുഹമ്മദ്,ഇസ്മായിൽ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 10/333-B മുതൽ P വരെ കെട്ടിടനമ്പറുള്ള കെട്ടിടം.
7. ശ്രീ .ഉസ്മാൻ,അബൂബക്കർ , അയ്യാർ ,പടിഞ്ഞാറത്തറ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം. കെട്ടിട നമ്പർ-11/334-J മുതൽ W വരെ

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 18/16-17/19.09.17 ന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ വാണിജ്യകെട്ടിടങ്ങളെപ്പോലെ ,100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയ്ക്കു പകരം 70 /- രൂപ നിരക്കിൽ, ആദ്യമായി വസ്തുനികുതി നിർണ്ണയിച്ച തിയ്യതി മുതൽ പുനർ നിർണ്ണയിച്ച്, കുടിശ്ശിക പലിശ സഹിതം, തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തിയവരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 2-3 റിസോർട്ടുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ .

ബാണാസുര ഐലൻറ് റിസോർട്ട്, വയനാട് സിൽവർഗ്രീൻ റിസോർട്ട് എന്നിവയുടെ കെട്ടിട പെർമിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ , വസ്തു നികുതി നിർണ്ണയ ഫയലുകൾ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷനും, (13.09.2017 ന്) തുടർന്ന് നേരിട്ടും ആവശ്യപ്പെട്ടപ്പോഴും ലഭ്യമാക്കിയില്ല. ആയത് പഞ്ചായത്തിൽ കാണാനില്ല എന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചത്. ആയതിനാൽ താഴെപ്പറയുന്ന റിസോർട്ടുകളിൽ പഞ്ചായത്ത് അധികൃതരോടൊപ്പം സംയുക്ത സ്ഥല പരിശോധന നടത്തി .

1) വയനാട് സിൽവർ ഗ്രീൻ റിസോർട്ട്( സിൽവർ ഗ്രീൻ ഹോളിഡേ എൻക്ലേവ്സ്), കുറ്റിയാം വയൽ

ഫോം-6 പ്രകാരം ഈ റിസോർട്ടിൽ ഒരു നിലയുള്ള 10 കെട്ടിടങ്ങളാണുള്ളത് . അവയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമനം | കെട്ടിടത്തിന്റെ നം | തറ വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| ക്രമനം | കെട്ടിടത്തിന്റെ നം | തറ വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം |
| 1 | 15/344-A | 35 | റിസോർട്ട് |
| 2 | 15/344-B | 35 | ,, |
| 3 | 15/344-C | 50.93 | ,, |
| 4 | 15/344-D | 43.4 | ,, |
| 5 | 15/344-E | 55.17 | ,, |
| 6 | 15/344-F | 43.4 | ,, |
| 7 | 15/344-G | 47.31 | ,, |
| 8 | 15/344-H | 47.31 | ,, |
| 9 | 15/344_I | 43.15 | ,, |
| 10 | 15/344-J | 452.23 | ,, |

എന്നാൽ 15.09.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ റിസോർട്ടിൽ താഴെപ്പറയും പ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടു.

1) ബാണാസുര ഡാമിന് തൊട്ടടുത്ത് കുഴിയിൽ പൊക്കി ഉണ്ടാക്കിയ മുളകൊണ്ടുണ്ടാക്കിയ രണ്ട് താത്ക്കാലിക ഷെഡുകൾ. ഈ ഷെഡുകളെ താങ്ങി കൊണ്ടുള്ള ചരിച്ചുള്ള ഇരുമ്പുകൊണ്ടുള്ള പില്ലർ ഡാം സൈറ്റിലാണ് സ്ഥിതി ചെയ്യുന്നതെന്ന് കണ്ടു.

2)മാനേജർ റൂമും ടോയ് ലറ്റും ഉൾപ്പെടുന്ന കെട്ടിടം ( അവിടെ പതിച്ച കെട്ടിട നംപർ 15/396)

3) റസ്റ്റോറൻറ് ഉൾപ്പെടുന്ന കെട്ടിടം. ഉപയോഗക്രമം ഇപ്രകാരമാണ്.

i) രണ്ടാം സെല്ലാർ നില – സ്റ്റാഫ് ഡൈനിംഗ്, വേറെയൊരു മുറി

ii) ഒന്നാം സെല്ലാർ നില -28 സീറ്റിംഗ് കപ്പാസിറ്റിയുള്ള റസ്റ്റോറൻറ്, കിച്ചൺ

iii) ഭൂനിരപ്പ് നില – റിസപ്ഷൻ

iv) ഒന്നാം നില – ഗെയിംസ്റ്റേഷൻ എന്ന പേരിട്ട ചുമരുകളുള്ള ഹാൾ

4) കോട്ടേജുകൾ

i)രണ്ട് നില കോട്ടേജ് (ഭൂനിരപ്പ് നിലയും സെല്ലാറും) – ഓരോ നിലയിലും ഓരോ ബെഡ്റൂമുകൾ

ii)മരം കൊണ്ടുണ്ടാക്കിയ പില്ലറിൽ ഉയർത്തിയ കോട്ടേജ് – ഒരു ബെഡ്റൂം

iii)ഒരു നില കോട്ടേജ്- ഒരു ബെഡ്റൂം

iv)മൂന്ന് നില കോട്ടേജ്-ഓരോ നിലയിലും ഒരു ബെഡ്റൂം

v)രണ്ട് നില കോട്ടേജ് (ഭൂനിരപ്പ് നിലയും സെല്ലാറും) - സെല്ലാർ ഫാമിലി റൂം, ഭൂനിരപ്പ് നില – രണ്ട് ബെഡ്റൂം

vi)ഒരു നില കോട്ടേജ് - ഒരു ബെഡ്റൂം

5) സ്വിമ്മിംഗ് പൂൾ

6) ആയുർവേദ സ്പായുള്ള കെട്ടിടം ( അവിടെ പതിച്ച നമ്പർ-15/343)

7) പണി നടന്നു കൊണ്ടിരിക്കുന്ന മൂന്ന് നില കെട്ടിടം.

2) ബാണാസുര ഐലൻറ് റിസോർട്ട്

ഫോം-6 പ്രകാരം ഈ റിസോർട്ടിൽ ഒരു നിലയുള്ള 9 കെട്ടിടങ്ങളാണുള്ളത് . അവയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമനം | കെട്ടിടത്തിന്റെ നം | തറ വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം |
|---|---|---|---|
| 1 | 15/344-K | 78.62 | റിസോർട്ട് |
| 2 | 15/344-L | 78.62 | „ |
| 3 | 15/344-M | 78.62 | „ |
| 4 | 15/397 | 444 | ലോഡ്ജ് |
| 5 | 15/398 | 44.96 | „ |
| 6 | 15/399 | 93.4 | റിസോർട്ട് |
| 7 | 15/400 | 481.8 | „ |
| 8 | 15/401 | 233.12 | ലോഡ്ജ് |
| 9 | 15/402 | 49.6 | „ |

എന്നാൽ 15.09.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ സ്ഥാപനത്തിന്റെ മുൻപിലുള്ള മതിലിൽ 'ബാണാസുര ഐലൻറ് റിസോർട്ട്' എന്ന പേർ പതിച്ചതായി കണ്ടു. ഇന്റർനെറ്റിലും ഈ സ്ഥാപനം റിസോർട്ടാണെന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ 'ലോഡ്ജിംഗ്' ലൈസൻസിനോടൊപ്പം സമർപ്പിച്ച കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്ര പ്രകാരവും ഈ സ്ഥാപനം റിസോർട്ടാണ്. എന്നാൽ ഈ റിസോർട്ടിലെ പല കെട്ടിടങ്ങളെയും ലോഡ്ജായി പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

15.09.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ റിസോർട്ടിൽ താഴെപ്പറയും പ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടു.

1) രണ്ട് നിലയുള്ള 6 കോട്ടേജുകൾ – ഓരോ നിലയിലും ഓരോ ബെഡ്റൂം

2) സ്വിമ്മിംഗ് പൂൾ

3)ബാണാസുരസാഗർ ഡാമിന്റെ സൈഡിലായി പണിതുകൊണ്ടിരിക്കുന്ന ഒരു നിലയുള്ള മൂന്ന് കോട്ടേജുകൾ

4)റസ്റ്റോറൻറ് ഉൾപ്പെടുന്ന കെട്ടിടം – വിശദാംശങ്ങൾ താഴെപ്പറയുന്നു.

i)രണ്ടാം സെല്ലാർ നില – മാനേജർ റൂം

ii) ഒന്നാം സെല്ലാർ നില – 40 സീറ്റിംഗ് കപ്പാസിറ്റിയുള്ള റസ്റ്റോറൻറ്,കിച്ചൺ

iii) ഭൂനിരപ്പ് നില – ഇൻഡോർ പ്ലേയിംഗ് സ്ഥലം, മൂന്ന് ബെഡ്റൂമുകൾ

iv) ഒന്നാം നില – രണ്ട് ബെഡ് റൂമുകൾ

v) രണ്ടാം നില – അരഭിത്തി കെട്ടി ചുറ്റിലും കമ്പി കൊണ്ട് വലയം ചെയ്ത ഹാൾ. ആയത് ബർത്ത് ഡേ പാർട്ടിപോലുള്ള പരിപാടികൾക്കുപയോഗിക്കുന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു.

5) നാല് കെട്ട് മാതൃകയിലുള്ള രണ്ട് നില കെട്ടിടം.

മേൽപ്പറഞ്ഞ റിസോർട്ടുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ ,മേൽ വിവരിച്ച പ്രകാരം പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിച്ചതിലും കൂടുതൽ കെട്ടിടങ്ങൾ (പുതിയവയോ നില കൂടുതലുള്ളവയോ) ഉള്ളതായി കാണുന്നു . കൂടാതെ ബാണാസുര ഐലൻറ് റിസോർട്ടിലെ ചില കെട്ടിടങ്ങളെ ലോഡ്ജായി കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചിട്ടുമുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 23 /16-17/19 .09 .17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ റിസോർട്ടുകൾ ഉൾപ്പെടെ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അധ്യായങ്ങൾ 3,22 എന്നിവ പ്രകാരവും കേരളപഞ്ചായത്ത് രാജ് ആക്ട് 235-W,235-Z,235-AA എന്നീ സെക്ഷനുകൾ പ്രകാരവും നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്. 'ബാണാസുര ഐലൻറ് റിസോർട്ടിലെ മേൽവിവരിച്ച പട്ടികയിൽ പരാമർശിച്ച ചില കെട്ടിടങ്ങളെ ലോഡ്ജായി കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ചത് 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെയും അതിന്റെ അടിസ്ഥാനത്തിലുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 28.06.2011 ലെ 128ാം നമ്പർ തീരുമാനത്തിന്റെയും ലംഘനമാണ്. ആയതിനാൽ ഈ കെട്ടിടങ്ങളെ റിസോർട്ടായി കണക്കാക്കി വസ്തുനികുതി പുനർ നിർണ്ണയിച്ച് ( 90/-രൂപ നിരക്കിൽ), കുടിശ്ശിക പലിശ സഹിതം തെറ്റായി വസ്തുനികുതി നിർണ്ണയിച്ചവരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 <u>സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ ,ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല.</u>

1.സ.ഉ(അ)നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും, 60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോംമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം,കാന്റീൻ,വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും, 6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും, 25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160 /- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെയായിട്ടും (സർക്കാർ ഉത്തരവിറങ്ങി

രണ്ടര വർഷമായിട്ടും) പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയോ ആയതിന്റെ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല . എന്നാൽ ബാണാസുര ഐലൻറ് റിസോർട്ട് ,സിൽവർഗ്രീൻ ഹോളിഡേ എൻക്ലേവ് എന്നീ റിസോർട്ടുകളിൽ ആയുർവേദ സ്പാ,മസ്സാജ് എന്നീ സൗകര്യങ്ങൾ ഉള്ളതായി ഇൻറർനെറ്റ്, 15/09/2017 ന് നടത്തിയ സ്ഥലപരിശോധന എന്നിവയിൽ നിന്നും കണ്ടു.

1. ഇതു കൂടാതെ 2016-17 ലെ ഡി & ഒ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഹോംസ്റ്റേകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി കണ്ടു.

    1. 1) ശ്രീ. ജയമോൻ എ.പി. എന്നവരുടെ ഉടമസ്ഥതയിലുള്ള മുണ്ടുനടയ്ക്കൽ ഹോംസ്റ്റേ.(കെട്ടിട നം.15/250)

    2)ശ്രീ.ചമ്മു,ധന്വേശ്വരി ,ആയില്യം നിവാസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ഹോംസ്റ്റേ.(കെട്ടിട നം.13/527)

    3)ശ്രീ.ഷാജഹാൻ ,പുത്തങ്ങൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ഹോംസ്റ്റേ.(കെട്ടിട നം.16/519)

    4) ശ്രീ.തോമസ്സ് വി.സി എന്നവരുടെ ഉടമസ്ഥതയിലുള്ള ഹോംസ്റ്റേ.(കെട്ടിട നം.15/27-A)

    5) ശ്രീ. മനോജ്.പി.ജോൺ എന്നവരുടെ ഉടമസ്ഥതയിലുള്ള ഹോംസ്റ്റേ.(കെട്ടിട നം.14/2-A).

    6) ശ്രീ.തോമസ്സ്, വട്ടകുന്നിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ഹോംസ്റ്റേ (കെട്ടിട നം.15/27)

    മേൽപ്പറഞ്ഞ ഹോംസ്റ്റേകളിൽ ഒന്നാമത്തെയും ആറാമത്തേതുമായ ഹോംസ്റ്റേക്കൾക്ക് പാർപ്പിടത്തിന്റെ നിരക്കിലും (5/- രൂപ ), മറ്റുള്ളവയ്ക്ക് 50/-രൂപ നിരക്കിലും വസ്തുനികുതി ഈടാക്കിയിട്ടുള്ളത്.

    മേൽപരാമർശിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ അടുത്ത ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ച് വസ്തുനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 /16-17/ 19 . 09.17 ന് മറുപടി നല്കിയിട്ടുണ്ട്.

ആയതിനാൽ മേൽപരാമർശിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്പാ, മസ്സാജ് സെന്റർ എന്നീ സൗകര്യങ്ങൾ ഉള്ളതായി ഇൻറർനെറ്റ്, 15/09/2017 ന് നടത്തിയ സ്ഥലപരിശോധന എന്നിവയിൽ നിന്നും കണ്ടു. ബാണാസുര ഐലൻറ് റിസോർട്ട് ,സിൽവർഗ്രീൻ ഹോളിഡേ എൻക്ലേവ് എന്നീ റിസോർട്ടുകൾ ഉൾപ്പെടെ ഇത്തരം സൗകര്യമുള്ള എല്ലാ കെട്ടിടങ്ങളുടെയും, ഹോംസ്റ്റേയായി പ്രവർത്തിക്കുന്ന മേൽ ഖണ്ഡികയിൽപ്പറഞ്ഞ കെട്ടിടങ്ങളുൾപ്പെടെ പഞ്ചായത്ത് പരിധിയിലെ ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും, ഈ സർക്കാർ ഉത്തരവിൽ പരാമർശിച്ച മറ്റു തരത്തിൽ ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെയും, അടിസ്ഥാന വസ്തുനികുതി നിരക്ക് ഉടൻ വിജ്ഞാപനം ചെയ്ത് 24/02/2015 തിയ്യതി മുതൽ പ്രാബല്യത്തിൽ വരുന്ന നിലയിൽ വസ്തു നികുതി കുടിശ്ശിക പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ് .

## 2-5 പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല

സ.ഉ (അ.)നം. 20/2011/തസ്വഭവ തിയ്യതി 14.01.2011പ്രകാരം പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ 01.04.2013 മുതൽ മാത്രമാണ് ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത് . ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമനംപർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ/ തറ വിസ്തീർണ്ണം (ച.മീ.) | വസ്തുനികുതി നിർണ്ണയിച്ച തിയ്യതി | നിർണ്ണയിച്ച വസ്തു നികുതി (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ ലൈബ്രറി സെസ് അടക്കം) | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ലൈബ്രറി സെസ് അടക്കം) | കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറി വരിസംഖ്യ അടക്കം) |
|---|---|---|---|---|---|---|
| 1 | എ.കെ മുഹമ്മദലി, അയ്യപ്പൻകണ്ടിയിൽ, അവിലോറ | കട8-413-A മുതൽ C വരെ | 10/02/2011 | 5940+297 =6237/- | 207.11x70x1.2 =17397/- ലൈബ്രറി സെസ് 5%=870/- ആകെ-18267/- | 12030 |
| 2 | കുവക്കൽ ജോൺസൺ ,പടിഞ്ഞാറത്തറ | കട/128/ 10/192- Aമുതൽ I | 04/2011 | 5238+262 =5500/- | ഭൂനിരപ്പ് നില -10/192-A-E -67 ച.മി.<br>ഈടാക്കേണ്ട വസ്തുനികുതി =67x70x1.2 =5628.<br>ലൈബ്രറി സെസ്-281/-<br>ഒന്നാം നില -10/192- Fമുതൽ I വരെ- 61 ച.മീ നില-ഇളവ്-5 %<br>ഈടാക്കേണ്ട വസ്തുനികുതി =61x70x1.15 =4911 ,ലൈബ്രറി | 5566 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | സെസ്-246/ | |

3. ശ്രീ. മുഹമ്മദ്,ഇസ്മായിൽ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 10/333-B മുതൽ P വരെ കെട്ടിടനമ്പറുള്ള കെട്ടിടം – വസ്തു നികുതി നിർണ്ണയിച്ച തിയ്യതി (വാർഷിക വാടകയുടെ

അടിസ്ഥാനത്തിൽ) - 28.10.2011

4. ശ്രീ.സെബാസ്റ്റ്യൻ ഓലിക്കുഴിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 12/30-A മുതൽ C വരെ കെട്ടിട നമ്പറുള്ള കെട്ടിടം

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17 /16-17/19 .09.17 ന് മറുപടിയായി മേൽ ഉത്തരവിന് വിരുദ്ധമായി വാടകയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചത് ആ കാലഘട്ടത്തിലെ ജീവനക്കാരാണെന്നും, ഈ വിവരം പിന്നീട് ചാർജ്ജെടുത്ത തന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും, ഇക്കാര്യത്തിൽ ഉടൻ വസ്തുനികുതി പുനർനിർണ്ണയം നടത്തി പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടേത് ഉൾപ്പെടെ ഇത്തരത്തിൽ വസ്തുനികുതി കുറവായി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടെയും 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ കുറവായി ഈടാക്കിയ വസ്തു നികുതി പലിശ സഹിതം ഈ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ് .

## 2-6 2013-14 വർഷത്തിന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ല.

2013-14 വർഷത്തിന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ല. 2013-14 വർഷത്തിന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ലായെന്നും, ആയത് ചെയ്യുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17 /16-17/19 .09.17 ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് 2013-14 ന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 റിസോർട്ടുകൾക്ക് കെട്ടിട പെർമിറ്റ് നല്കിയതിലെയും വസ്തു നികുതി നിർണ്ണയിച്ചതിലെയും അപാകതകൾ

1) ശ്രീ. ബൈജു വർഗ്ഗീസ്, ചിന്താർമണിയിൽ എന്നവരുടെ കുറ്റിയാംവയൽ എന്ന സ്ഥലത്തെ റിസോർട്ട്

04.05.2016 തിയ്യതിയിൽ ശ്രീ. ബൈജു വർഗ്ഗീസ് നല്കിയ ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 7 കോട്ടേജുകളുടെ കെട്ടിടങ്ങൾ (തപാൽ നം.എ2-2959/16 തിയ്യതി 06.05.2016) 15.09.2017 ന് സ്ഥലപരിശോധന നടത്തി. മേൽ പൂർത്തീകരണ പ്ലാൻ അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി പരിശോധിച്ച് കെ.പി.ബി.ആർ. പ്രകാരമാണ് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് കാണിച്ച് ഫിനിഷിംഗ് പണി ഒഴിച്ച് ബാക്കി പണികളെല്ലാം പൂർത്തിയാക്കിയതായി തിയ്യതി വെയ്ക്കാത്ത റിപ്പോർട്ടിൽ എ.ഇ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 5 A1 കോട്ടേജുകൾക്കും 2-B1 കോട്ടേജുകൾക്കും 15/400-A മുതൽ G വരെ നമ്പർ നല്കി. സ്ഥല പരിശോധനാ വേളയിൽ ഒരു കോട്ടേജിനും പഞ്ചായത്ത് നല്കിയ നമ്പർ പതിച്ചിട്ടില്ല. പഞ്ചായത്ത് അംഗീകരിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം നിർമ്മിച്ചതായി കാണിച്ച തന്ന ഒരു A1 കോട്ടേജൊഴികെ ഒന്നിന്റെയും ഫ്ളോറിംഗ്, പ്ലാസ്റ്ററിംഗ്, ടോയ് ലറ്റ്, ചുമർ, വാതിൽ, ജനലുകൾ എന്നീ പണികൾ നിലവിൽ (ഓഡിറ്റ് പരിശോധന വേളയിലും) പൂർത്തീകരിച്ചിട്ടില്ല.

01.10.2016 തിയ്യതിയിൽ ശ്രീ.ബൈജു വർഗ്ഗീസ് സമർപ്പിച്ച ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 17 കോട്ടേജുകളുടെ കെട്ടിടങ്ങൾ (തപാൽ നം.എ2-6350/16 തിയ്യതി 04.10.2016) നേരിട്ട് പരിശോധിച്ചു. മേൽ കെട്ടിടങ്ങൾ അസി.എൻജിനീയർ എൽ.എസ്.ജി.ഡി പരിശോധിച്ച്

കെ.പി.ബി.ആർ പ്രകാരമാണ് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതെന്നും, മഴവെള്ള സംഭരണി,വേസ്റ്റ് വാട്ടർ പിറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ടെന്നും, ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്നും, 06.10.2016 ന് എ.ഇ. റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ 2016-17 ഒന്നാം അർദ്ധ വർഷം മുതൽ നികുതി നിർണ്ണയിച്ചു.(കെട്ടിട നം.15/H മുതൽ AA ( O ഒഴിച്ച്). എന്നാൽ 15.09.2017 ന് നടത്തിയ സ്ഥലപരിശോധനാ വേളയിൽ ഒരു കോട്ടേജിനും പഞ്ചായത്ത് നല്കിയ കെട്ടിടനമ്പർ പതിച്ചതായി കണ്ടില്ല. പഞ്ചായത്ത് അംഗീകരിച്ച ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങളാണെന്ന് പറഞ്ഞ് ഓഡിറ്റിന് കാണിച്ചുതന്ന ഒരു കോട്ടേജിന്റെയും ഫ്ളോറിംഗ്,പ്ലാസ്റ്ററിംഗ്,ടോയ് ലറ്റ്, ചുമർ, ജനലുകൾ, വാതിലുകൾ എന്നീ പണികൾ നിലവിൽ ഓഡിറ്റ് പരിശോധന വേളയിലും പൂർത്തീകരിച്ചിട്ടില്ല . മഴവെള്ള സംഭരണിയായി ഓഡിറ്റിന് കാണിച്ച തന്നത് പ്ളോട്ടിന്റെ താഴെ ഭാഗത്ത് ബാണാസുര സാഗർ ഡാമിന് സൈഡിലായി ഡാമിന്റെ വാട്ടർ ലെവലിലും താഴെയായി ഏകദേശം 50 മീറ്ററോളം താഴ്ച്ചയിലുലുള്ള വലിയ കുളമാണ്. പൂർത്തീകരണ പ്ലാനിൽ കാണിച്ചിട്ടുള്ള 67500 ലിറ്റർ കപ്പാസിറ്റിയുള്ള അണ്ടർ ഗ്രൗണ്ട് വാട്ടർ ടാങ്ക്, 47250 ലിറ്റർ കപ്പാസിറ്റിയുള്ള അണ്ടർ ഗ്രൗണ്ട് ട്രീറ്റഡ് വാട്ടർ ടാങ്ക്, അണ്ടർ ഗ്രൗണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയൊന്നും പരിശോധനയിൽ കാണാൻ സാധിച്ചില്ല. ചരിഞ്ഞ ഭൂപ്രകൃതിയിൽ മൂന്ന് തട്ടുകളിലായാണ് വലിയ കോൺക്രീറ്റ് പില്ലറുകളിൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങളുടെ സ്ടക്ച്ചറൽ സ്റ്റബിലിറ്റി സംബന്ധിച്ച യാതൊരു രേഖയും പൂർത്തീകരണ പ്ലാൻ സംബന്ധിച്ച ഫയലിൽ ലഭ്യമല്ല. മഴ വെള്ള സംഭരണിക്കായി ഏകദേശം 50 മീറ്ററോളവും മൂന്ന് തട്ടുകളിലായുള്ള റോഡുകൾക്കായി ഏകദേശം 10 മീറ്ററോളം താഴ്ച്ചയിലും മണ്ണെടുത്തിട്ടുണ്ട്. ആയതിന് വികസന പെർമിറ്റ് എടുത്തതിന്റെയോ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോ ഫയലിൽ ലഭ്യമല്ല.

2) ജയൻപോൾ എന്നവരുടെ കുറ്റിയാംവയൽ എന്ന സ്ഥലത്തെ റിസോർട്ട്

05.04.2017 തിയ്യതിയിൽ ശ്രീ. ജയൻപോൾ നല്കിയ ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 2 കോട്ടേജുകളും, റിസപ്ഷൻ, റെസ്റ്റോറന്റ് കെട്ടിടങ്ങൾ (ഫയൽ നം.എ2-1969/17 തിയ്യതി 11.04.2017 )എന്നിവ 15.09.2017 ന് സ്ഥലപരിശോധന നടത്തി. മേൽ ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ കെ.പി.ബി.ആർ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്നുള്ള എ.ഇ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1446.26 ച.മീ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 15/401-A-മുതൽ E വരെ നമ്പർ നല്കി. മേൽ ഭാഗികപൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 2 കോട്ടേജുകളുടെയും ഫ്ളോറിംഗ്, പ്ലാസ്റ്ററിംഗ്, ടോയ് ലറ്റ്, ചുമർ, വാതിൽ, ജനലുകൾ എന്നീ പണികൾ നിലവിൽ ഓഡിറ്റ് പരിശോധനാ വേളയിലും പൂർത്തീകരിച്ചിട്ടില്ല. കൂടാതെ മേൽ ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള റിസപ്ഷൻ, റെസ്റ്റോറന്റ് ഉൾപ്പെടുന്ന കെട്ടിടത്തിന്റെ സ്ടക്ച്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

പഞ്ചായത്ത് അംഗീകരിച്ച ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരമാണെന്ന് പറഞ്ഞ് കാണിച്ചുതന്ന ഒരു A1 കോട്ടേജും ഒരു B1 കോട്ടേജും മേൽ പരാമർശിച്ച ശ്രീ. ബൈജു വർഗ്ഗീസ്, ചിന്താർമണിയിൽ എന്നവരുടെ റിസോർട്ടിലെ കോട്ടേജുകളുമായി ഇടകലർന്നാണ് കിടക്കുന്നത്. പ്ലോട്ടുകൾ തമ്മിലുള്ള അതിര് കാണിച്ച തരുവാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചില്ല.

മേൽപ്പറഞ്ഞ റിസോർട്ടുകൾക്ക് പെർമിറ്റ് നല്കിയതിലെ അപാകതകൾ താഴെപ്പറയുന്നു.

1) മേൽപ്പറഞ്ഞ രണ്ട് വ്യത്യസ്ത റിസോർട്ടുകൾ രണ്ട് പ്ലോട്ടുകളിലായി പണിയുന്നതിനായി പഞ്ചായത്തിൽ നിന്ന് ഒരേ ദിവസം അടുത്ത നമ്പറുകളായി രണ്ട് കെട്ടിടപെർമിറ്റുകളാണ് നല്കിയിട്ടുള്ളത്.
i) ബി.എ /104/2014-15 തിയ്യതി 05.11.2014 – തറ വിസ്തീർണ്ണം -2596 m2
ശ്രീമതി.ത്രേസ്യാമ്മ വർഗ്ഗീസ്, ചിൻന്താർമണിയിൽ എന്നവരുടെ പേരിൽ(പിന്നീട് ഈ പെർമിറ്റ് ജയൻപോൾ എന്നവരുടെ പേരിലേക്ക് മാറ്റി)

ii)ബി.എ/105/2014-15 തിയ്യതി 05.11.2014 – തറ വിസ്തീർണ്ണം - 2596 m2

നീതു.സി. വർഗ്ഗീസ്,ചിൻന്താർമണിയിൽ എന്നവരുടെ പേരിൽ(പിന്നീട് ഈ പെർമിറ്റ് ബൈജു വർഗ്ഗീസ്,ചിൻന്താർമണിയിൽ എന്നവരുടെ പേരിലേക്ക് മാറ്റി). എന്നാൽ സ്ഥലപരിശോധനയിൽ ഈ രണ്ട് റിസോർട്ടുകളിലെയും കോട്ടേജുകൾ ഇടകലർന്ന് കിടക്കുന്നതായി കണ്ടു. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 55(2) പ്രകാരം 4000 ച.മീ കൂടുതലും 10000 ച.മീ വരെയുള്ളതുമായ തറ വിസ്തീർണ്ണമുള്ള റിസോർട്ടിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്ന് പ്ലാനിന് അംഗീകാരം ലഭിക്കേണ്ടതാണ്. 20/09/2017 തിയ്യതിയിലെ എം3 നമ്പർ മറുപടി കത്തിൽ പറഞ്ഞ പ്രകാരം രണ്ട് റിസോർട്ടുകൾ തമ്മിൽ ലാൻറ് ഫിസിക്കൽ സെപ്പെറേഷനുള്ള നടപടി എടുക്കേണ്ടതും അവ വ്യത്യസ്ത റിസോർട്ടുകളായി പ്രവർത്തിക്കുന്നവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം ഈ റിസോർട്ടുകളുടെ പ്ലാനുകൾക്ക് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

2) ഈ റിസോർട്ടുകൾക്ക് കെ.എസ്.ഇ.ബിയുടെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ വ്യവസ്ഥകൾക്കു വിധേയമായി എൻ.ഒ.സി ലഭിക്കുന്നത് (കെട്ടിട പെർമിറ്റ് നം.104/14-15 നുള്ള എൻ.ഒ.സി നം. RO. DB3- 88 A/ 2013-14 / 762 Dtd. 8.5.15; കെട്ടിട പെർമിറ്റ് നം.105/14-15 നുള്ള എൻ.ഒ.സി നം. RO. DB3- 88 A/ 2013-14 / 761 Dtd. 8.5.15 - ആയതിലെ വ്യവസ്ഥകൾ നിലവിൽ പഞ്ചായത്തിൽ ഇല്ലായെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത് ) 08.05.2015 ന് മാത്രമാണെന്നരിക്കെ, 05.11.2014ന് പെർമിറ്റുകൾ നല്കി. 22.08.2014-ലെ 46871/ആർ.എ1/2014/തസ്വഭവ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അനുമതിയ്ക്കു മുൻപ് ചട്ടങ്ങൾക്കനുസൃതമായ നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കിയാൽ മാത്രമേ കെട്ടിടനിർമ്മാണ അനുമതി നല്കാവൂ. ആയതിനാൽ കെ.എസ്.ഇ.ബി.യുടെ എൻ.ഒ.സി.യുടെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയതെന്ന മേൽ പരാമർശിച്ച മറുപടി കത്തിലെ വാദം വസ്തുത വിരുദ്ധമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കെട്ടിട പെർമിറ്റ് നൽകിയവർക്കെതിരെ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി.യുടെ എൻ.ഒ.സി.പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണ് പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) വികസന പെർമിറ്റില്ലാതെയും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ഇല്ലാതെയും സ്ഥലത്തു നിന്ന് മണ്ണെടുത്തു.

റിസോർട്ടുകളുടെ പൂർത്തീകരണ പ്ലാൻ സമർപ്പിച്ചതിലെ അപാകതകൾ

1) രണ്ട് റിസോർട്ടിലെയും ഭാഗിക പൂർത്തീകരണപ്ലാനുകൾ പ്രകാരമുള്ള കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാതെയും മഴവെള്ള സംഭരണി, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പണിയാതെയും പൂർത്തീകരണ പ്ലാൻ നല്കുകയും, പഞ്ചായത്ത് കെട്ടിടങ്ങൾക്ക് നമ്പർ നല്കുകയും ചെയ്തു.

2) കെ.എസ്.ഇ.ബിയുടെ എൻ.ഒ.സി യിലെ വ്യവസ്ഥകൾ സെക്രട്ടറി ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് പഞ്ചായത്തിൽ ഇല്ലായെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത് . എൻ.ഒ.സി യിലെ വ്യവസ്ഥകൾ പ്രകാരമാണ് കെട്ടിടങ്ങൾ പൂർത്തീയാക്കിയതെന്ന് വ്യക്തമാക്കുന്ന യാതൊരു പരാമർശവും എ.ഇ യുടെ റിപ്പോർട്ടിൽ ഇല്ല. ആയതിനാൽ ഇത് പരിശോധിക്കാതെയാണ് എ.ഇ പൂർത്തീകരണ പ്ലാൻ അംഗീകരിച്ചതെന്ന് കാണുന്നു.

മേൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 22 /16-17/ 19.09 .17 ന് 20.9.2017 തീയതി വച്ച് 28.9.2017 ന് സെക്രട്ടറി മറുപടി നല്കിയത് ഇപ്രകാരമാണ്.

1. മേൽ റിസോർട്ടുകളിലെ കെട്ടിടങ്ങൾ ഭാഗികമായിട്ടാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതിനാൽ കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് പ്രവൃത്തി പൂർത്തീകരിച്ച് പ്ലാൻ അടിയന്തിരമായി സമർപ്പിക്കുന്നതിന് കത്ത് നല്കുന്നതാണ് , തെറ്റായ പൂർത്തീകരണ പ്ലാൻ അംഗീകരിച്ച അസി. എൻജിനീയർക്കും പ്ലാൻ സമർപ്പിച്ച ലൈസൻസിക്കും വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നല്കുന്നതാണ്.

2. പൂർത്തീകരണ പ്ലാൻ വീണ്ടും സമർപ്പിച്ച ശേഷം പ്രസ്തുത കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കുന്നതും , ആനുപാതിക നികുതി ഈടാക്കുന്നതുമാണ്.

3. മഴവെള്ള സംഭരണി, വേസ്ററ് പിറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നല്കുന്നതാണ്.

4. അനധികൃതമായി മണ്ണ് കുഴിച്ച് മാറ്റിയതിന് ഭൂവികസന പെർമിറ്റ് എടുക്കുന്നതിനുള്ള നോട്ടീസ് നല്കുന്നതും ആവശ്യമായ പിഴ ഈടാക്കുന്നതുമാണ്.
ആയതിനാൽ മേൽ മറുപടി പ്രകാരമുള്ള ക്രമ നമ്പർ 1 മുതൽ 4 വരെയുള്ളവയിൽ പറഞ്ഞ പ്രകാരം നടപടി എടുക്കേണ്ടതാണ്. മഴവെള്ള സംഭരണി, അണ്ടർ ഗ്രൗണ്ട് സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.യുടെ എൻ.ഒ.സി.പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണ് പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 2-8 ബാണാസുര ഡാം സൈറ്റിനടുത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥലം നിരപ്പാക്കി

15.09.2017 ന് വിവിധ റിസോർട്ടുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ ബാണാസുര ഡാം സൈറ്റിനടുത്ത്കുപ്പടി എസ്റ്റേറ്റിന് സമീപം കേരള ഹൈഡൽ ടൂറിസം സെന്റർ വിവിധ വാഹനങ്ങൾക്കുള്ള പേ പാർക്കിംഗ് പ്രവർത്തിക്കുന്നതിന്റെ നേരേ എതിർ വശത്തുള്ള ഏകദേശം ഒരു ഏക്കർ സ്ഥലത്തു നിന്ന് മണ്ണ് മാറ്റി നിരപ്പാക്കിതായി കണ്ടു. ആയതിന് 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടത്തിലെ ചട്ടം 5 പ്രകാരം വികസന പെർമിറ്റ് എടുക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിക്ക് പഞ്ചായത്തിൽ നിന്ന് വികസന പെർമിറ്റ് നല്കിയിട്ടില്ലായെന്നും ഇക്കാര്യത്തിൽ അടിയന്തിര അന്വേഷണം നടത്തി ആവശ്യമായ ഫീസ് അടപ്പിക്കുന്നതും, അനുവദനീയമല്ലാത്ത രീതിയിൽ മണ്ണെടുത്ത് മാറ്റിയതായി തെളിഞ്ഞാൽ മേൽ നടപടിയ്ക്കായി റിപ്പോർട്ട് ചെയ്യുന്നതായിരിക്കുമെന്നും സെക്രട്ടറി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 19 /16-17/ 19 . 9.17 ന് മറുപടി നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ അധ്യായം 22 പ്രകാരം നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-9 ബാണാസുര ഡാം സൈറ്റിനടുത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ പേ പാർക്കിംഗ് പ്രവർത്തിക്കുന്നു

15.09.2017 ന് വിവിധ റിസോർട്ടുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ ബാണാസുര ഡാം സൈറ്റിനടുത്ത് കുപ്പടി എസ്റ്റേറ്റിന് സമീപം കേരള ഹൈഡൽ ടൂറിസം സെന്റർ വിവിധ വാഹനങ്ങൾക്കുള്ള പേ പാർക്കിംഗ് നടത്തുന്നതായി കണ്ടു. ഇത് സംബന്ധിച്ച രേഖകൾ (അനുമതി നല്കിയ കത്ത്, ഈടാക്കിയ ഫീ, രസീത് നംപർ എന്നിവ) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 228, 1995 ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ,വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ,മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ 22 മുതൽ 30 വരെയുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ് .എന്നാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ഈ വണ്ടിത്താവളം പ്രവർത്തിക്കുന്നതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 21 /16-17/ 19.09.17 ന് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. ആയതിനാൽ ഈ വണ്ടിത്താവളം നടത്തുന്ന കേരള ഹൈഡൽ ടൂറിസം സെന്ററിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 228, 257(പിഴ -1,000/-രൂപ), 1995 ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ,വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ,മറ്റു വാഹന സ്റ്റാഡുകൾ) ചട്ടങ്ങളിലെ 22 മുതൽ 30 വരെയുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം നടപടിയെടുത്ത് വിശദമായ

റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-10 കെട്ടിടനിർമ്മാണ ക്രമവത്ക്കരണ രജിസ്റ്ററും അപേക്ഷകളും ഹാജരാക്കിയില്ല

2016-17 ൽ ക്രമവത്ക്കരിക്കപ്പെട്ട കെട്ടിടങ്ങളുടെ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ രജിസ്റ്റർ നിലവിലില്ലായെന്നും ആയത് തയ്യാറാക്കി ഈ കാലയളവിൽ ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണ അപേക്ഷയും, വസ്തുനികുതി നിർണ്ണയഫയലുകളും ഓഡിറ്റിന് ഹാജരാക്കാമെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 20 /16-17/ 19.09.17 ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. അപ്രകാരം നടപടിയെടുത്ത് ഓഡിറ്റിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഈ വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-11 കെട്ടിടങ്ങളുടെ പെർമ്ിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ബാണാസുര ഐലൻറ് റിസോർട്ട് ,വയനാട് സിൽവർഗ്രീൻ റിസോർട്ട് എന്നിവയുടെ കെട്ടിട പെർമിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ, വസ്തു നികുതി നിർണ്ണയഫയലുകൾ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷനും (13.09.2017 ന്) തുടർന്ന് നേരിട്ടും ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയത് പഞ്ചായത്തിൽ കാണാനില്ല എന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 24/16-17/ 19. 09.17 നുള്ള രേഖാമൂലമുള്ള മറുപടിയിൽ (20.09.2017 തിയ്യതിയിലെ) ബാണാസുര ഐലൻറ് റിസോർട്ടിലെ കെട്ടിടങ്ങളുടെ പെർമിറ്റ് ,നമ്പർ എന്നിവ നല്കിയതു സംബന്ധിച്ച ഫയലുകൾ, പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിൽ പുതിയ കെട്ടിടത്തിലെ സ്റ്റോർ റൂമിൽ എത്തിച്ചിട്ടില്ലെന്നും, ആയത് പഴയ കെട്ടിടത്തിൽ ഉണ്ടോയെന്ന് വിശദമായ പരിശോധന നടത്തിയാൽ മാത്രമേ അറിയാൻ കഴിയൂ എന്നാണ് അറിയിച്ചിട്ടുള്ളത്. വയനാട് സിൽവർഗ്രീൻ റിസോർട്ടിന്റെ കെട്ടിടങ്ങളുടെ പെർമിറ്റ് ,നമ്പർ എന്നിവ നല്കിയതു സംബന്ധിച്ച ഫയലുകൾ റിക്കാർഡ് റൂമിൽ പരിശോധന നടത്തി ലഭ്യമാക്കാമെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ റിസോർട്ടുകളുടെ കെട്ടിട പെർമിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ , വസ്തു നികുതി നിർണ്ണയ ഫയലുകൾ എന്നിവ ഓഡിറ്റിന് ഇതുവരെ ലഭ്യമാക്കാത്തതിനാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും )ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം അത്തരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ എത്തുന്നതാണ്. ആയതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ മേൽ ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-12 ചെക്ക് തുക ബാങ്കിൽ വരവ് വയ്ക്കാത്തത് സംബന്ധിച്ച്

21.03.2017 ൽ 11603500074 -ാം നമ്പർ രസീതിയായി തൊഴിൽ നികുതി ഇനത്തിൽ സ്വീകരിച്ച 1,250/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

## 2-13 : തൊഴിൽ നികുതി - അപാകതകൾ

2016 -17 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി , ജീവനക്കാരുടെ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി |
|---|---|

| | |
|---|---|
| | അടയ്ക്കാനുള്ള അർദ്ധവർഷം |
| മാവേലി സ്റ്റോർ , പടിഞ്ഞാറത്തറ | 2016-17 1,2 അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി |
| കുപ്പാടിത്തറ ക്ഷീര സഹകരണ സംഘം | 2016-17 1,2 അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി |
| ശ്രീകൃഷ്ണ ബാങ്കേഴ്സ് | 2016-17 1,2 അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി |
| ബ്രാഞ്ച് പോസ്റ്റ് ഓഫീസ് , പടിഞ്ഞാറത്തറ | 2016-17 2 -ാംഅർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി |

2) 2016-17 ൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലെസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഒന്നിൽകൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നംപർ | കെട്ടിട നംപർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 15/397-402 | ബാണാസുര ഹൈലന്റ് റിസോർട്ട് | 10 |
| 2 | 15/138A-H | സിൽവർ ഗ്രീൻ | 11 |
| 3 | 12/128C-K | വയനാട് വിൻഡ് റിസോർട്ട് | 6 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭിന്ന ശേഷിയുള്ളവർക്ക് മുട്ടക്കോഴി വിതരണം (ജനറൽ)- 45000/- രൂപ നഷ്ടം.

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S157/17<br>ഭിന്ന ശേഷിയുള്ളവർക്ക് മുട്ടക്കോഴി വിതരണം (ജനറൽ) | 90000/-(വികസന ഫണ്ട്) | 3/31.03.17 | 90000/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, ഭിന്ന ശേഷിയുള്ളവർക്ക് മുട്ടക്കോഴി വിതരണം (ജനറൽ) എന്ന പ്രോജക്ടിൽ, 810 കോഴികൾക്ക് 100 രൂപ വീതം 81000/- രൂപ നാഗത്തിങ്കൽ എഗ്ഗ് നഴ്സറി, കുപ്പാടിത്തറക്ക് നൽകിയിട്ടുണ്ട്. എന്നാൽ, നാഗത്തിങ്കൽ എഗ്ഗ് നഴ്സറിയുടെ ബിൽ(വാറ്റ്) ലഭ്യമാക്കിയിട്ടില്ല. 9044/- രൂപ വാറ്റിനത്തിൽ, വെറ്ററിനറി സർജൻ നേരിട്ട് അടച്ചിരിക്കുകയാണ്.

ഒരു ഗുണഭോക്താവിന് 1000/- രൂപ വെച്ച് (10 കോഴികൾ x 100 = 1000) 100% സബ്സിഡിയാണ് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം [സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/11.01.2016] മൊത്തം വിലയുടെ 75% എന്ന പരിധിക്ക് വിധേയമായി ഒരു കുടുംബത്തിന് പരമാവധി 500/- രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 81 പേർക്ക് 10 കോഴികളെ വെച്ച്, 810 കോഴികളെയാണ് വിതരണം ചെയ്തിരിക്കുന്നത്. 73 പേരുടെ രശീതി ലഭ്യമാക്കിയിട്ടുണ്ട്. 8 പേരുടെ രശീതി ലഭ്യമാക്കിയിട്ടില്ല. 81 ഗുണഭോക്താക്കൾക്ക് പരമാവധി 500/- രൂപ

സബ്സിഡി അനുവദിക്കുന്നതിന് (മൊത്തം 40500/-) പകരം 1000/- രൂപയാണ് സബ്സിഡിയായി അനുവദിച്ചിരിക്കുന്നത് (മൊത്തം 810000/- രൂപ) ആതായത് 81 പേർക്ക് 500/- രൂപ വീതം 40500/- രൂപയാണ്. സബ്സിഡിയായി അനുവദിക്കാവുന്നത്. 40500/- രൂപ കൂടുതലായി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയിരിക്കുകയാണ്.

ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ : 15/16-17/18.09.2017) നൽകിയ മറുപടി തൃപ്തികരമല്ല. പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി ചെലവഴിച്ച 40500/- രൂപ നിരാകരിക്കുന്നു.

## 3-2 ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

A) ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.സി)

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S95/17<br>ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.സി) | 150000/-(വികസന ഫണ്ട്-SCP) | 4/31.03.17 | 75000/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.സി) എന്ന പ്രോജക്ടിൽ, 5 ഗുണഭോക്താക്കൾക്ക് 2 ആടുകൾക്ക് 7500/- രൂപ വീതം 75000/- രൂപ കൽപ്പറ്റയിലെ നാസർ കുരുന്നിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്.

പർച്ചേസിംഗ് കമ്മിറ്റി, മേൽ പ്രോജക്ടിൽ ഒരാടിന് 7500/- രൂപക്ക് കൽപ്പറ്റ യിലെ ശ്രീ. നാസ്സർ കരുണിയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15000/- രൂപ വെച്ച് 100% സബ്സിഡിയാണ് 2 ആടുകൾക്ക് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം(സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/11.01.2016) 75% (പരമാവധി 15000/- രൂപ- മൂന്ന് ആടുകൾക്ക്) ആണ് നൽകേണ്ടത്. 25% തുക ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടതായിരുന്നെങ്കിലും, പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. രണ്ട് ആടുകൾക്കും കൂടി 15000/- രൂപയാണ് മൊത്തം വില (2 x 7500 = 15000). ആകെ ആടിനെ വാങ്ങാൻ വേണ്ടി ചെലവഴിച്ച 15000/- രൂപയുടെ 75% (11250 രൂപ) ആണ് സബ്സിഡി നൽകാവുന്നത്. ഒരു ഗുണഭോക്താവിന് 11250/- രൂപ സബ്സിഡി നൽകേണ്ടതിന് പകരം 15000/- രൂപയാണ് നൽകിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് 3750/- രൂപ അധികം സബ്സിഡി ആയി നൽകിയിട്ടുണ്ട്. 5 ഗുണഭോക്താക്കൾക്ക് മൊത്തം 18750/- രൂപ (3750 x 5 = 18750) അധികം നൽകിയിട്ടുണ്ട്. ആടുകളെ വിതരണം ചെയ്ത രേഖകൾ , കൈപ്പറ്റ് രശീതികൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, എഗ്രിമെൻറ് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ : 13/16-17/18.09.2017) നൽകിയ മറുപടി തൃപ്തികരമല്ല. പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി ചെലവഴിച്ച 18750/- രൂപ നിരാകരിക്കുന്നു. ആടുകളെ വിതരണം ചെയ്ത രേഖകളുടെ അഭാവത്തിൽ ബാക്കി ചെലവ് തുക 56250/- തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

B) ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.റ്റി)

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| S147/17<br>ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.റ്റി) | 150000/-(വികസന ഫണ്ട്-SCP) | 6/31.03.17 | 90000/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (എസ്.സി) എന്ന പ്രോജക്ടിൽ, 6 ഗുണഭോക്താക്കൾക്ക് 2 ആട്ടുകൾക്ക് 7500/- രൂപ വീതം 90000/- രൂപ കൽപ്പറ്റയിലെ നാസർ കുരുന്നിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്.

പർച്ചേസിംഗ് കമ്മിറ്റി, മേൽ പ്രോജക്ടിൽ ഒരാടിന് 7500/- രൂപക്ക് കൽപ്പറ്റ യിലെ ശ്രീ. നാസ്സർ കരുണിയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15000/- രൂപ വെച്ച് 100% സബ്സിഡിയാണ് 2 ആട്ടുകൾക്ക് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം(സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/11.01.2016) 75% (പരമാവധി 15000/- രൂപ- മൂന്ന് ആട്ടുകൾക്ക്) ആണ് നൽകേണ്ടത്. 25% തുക ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടതായിരുന്നെങ്കിലും, പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. രണ്ട് ആട്ടുകൾക്കും കൂടി 15000/- രൂപയാണ് മൊത്തം വില (2 x 7500 = 15000). ആകെ ആടിനെ വാങ്ങാൻ വേണ്ടി ചെലവഴിച്ച 15000/- രൂപയുടെ 75% (11250 രൂപ) ആണ് സബ്സിഡി നൽകാവുന്നത്. ഒരു ഗുണഭോക്താവിന് 11250/- രൂപ സബ്സിഡി നൽകേണ്ടതിന് പകരം 15000/- രൂപയാണ് നൽകിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് 3750/- രൂപ അധികം സബ്സിഡി ആയി നൽകിയിട്ടുണ്ട്. 6 ഗുണഭോക്താക്കൾക്ക് മൊത്തം 22500/- രൂപ (3750 x 6 = 22500) അധികം നൽകിയിട്ടുണ്ട്. ആട്ടുകളെ വിതരണം ചെയ്ത രേഖകൾ , കൈപ്പറ്റ് രശീതികൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, എഗ്രിമെൻറ് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ : 13/16-17/18.09.2017) നൽകിയ മറുപടി തൃപ്തികരമല്ല. പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി ചെലവഴിച്ച 22500/- രൂപ നിരാകരിക്കുന്നു. ആട്ടുകളെ വിതരണം ചെയ്ത രേഖകളുടെ അഭാവത്തിൽ ബാക്കി ചെലവ് തുക 67500/- രൂപ തടസ്സം ചെയ്യുന്നു. പരാമർശിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>C) ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (ജനറൽ)</u>

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S94/17<br>ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (ജനറൽ) | 192000/-(വികസന ഫണ്ട്) | 7/31.03.17 | 192000/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, ഭിന്ന ശേഷിയുള്ളവർക്ക് ആട് വളർത്തൽ (ജനറൽ) എന്ന പ്രോജക്ടിൽ, 16 ഗുണഭോക്താക്കൾക്ക് 2 ആട്ടുകൾക്ക് 6000/- രൂപ വീതം 192000/- രൂപ കൽപ്പറ്റയിലെ നാസർ കുരുന്നിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്.

പർച്ചേസിംഗ് കമ്മിറ്റി, മേൽ പ്രോജക്ടിൽ ഒരാടിന് 6000/- രൂപക്ക് കൽപ്പറ്റ യിലെ ശ്രീ. നാസ്സർ കരുണിയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 12000/- രൂപ വെച്ച് 100% സബ്സിഡിയാണ് 2 ആട്ടുകൾക്ക് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം (സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/11.01.2016) 50% (പരമാവധി 12000/- രൂപ- മൂന്ന് ആട്ടുകൾക്ക്) ആണ് നൽകേണ്ടത്. 50% തുക ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടതായിരുന്നെങ്കിലും, പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. രണ്ട് ആട്ടുകൾക്കും കൂടി 12000/- രൂപയാണ്

മൊത്തം വില (2 x 6000 = 12000). ആകെ ആടിനെ വാങ്ങാൻ വേണ്ടി ചെലവഴിച്ച 12000/- രൂപയുടെ 50% (6000 രൂപ) ആണ് സബ്സിഡി നൽകാവുന്നത്. ഒരു ഗുണഭോക്താവിന് 6000/- രൂപ സബ്സിഡി നൽകേണ്ടതിന് പകരം 12000/- രൂപയാണ് നൽകിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് 6000/- രൂപ അധികം സബ്സിഡി ആയി നൽകിയിട്ടുണ്ട്. 16 ഗുണഭോക്താക്കൾക്ക് മൊത്തം 96000/- രൂപ (6000 x 16 = 96000) അധികം നൽകിയിട്ടുണ്ട്. ആടുകളെ വിതരണം ചെയ്ത രേഖകൾ , കൈപ്പറ്റ് രശീതികൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, എഗ്രിമെൻറ് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/16-17/18.09.2017) നൽകിയ മറുപടി തൃപ്തികരമല്ല. പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി ചെലവഴിച്ച 96000/- രൂപ നിരാകരിക്കുന്നു.ആടുകളെ വിതരണം ചെയ്ത രേഖകളുടെ അഭാവത്തിൽ ബാക്കി ചെലവ് തുക 96000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല:

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S92/17<br>മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 300000/-(മെയ്ൻറനൻസ് ഗ്രാൻറ് റോഡിതരം) | 1/16.03.17 | 300000/- |

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി, വെറ്ററിനറി സർജൻ 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| കർണാടക ആന്റിബയോട്ടിക്സ്, എറണാകുളം | 2017002044/27.03.17 | 26754/- |
| ഡയ്ന വെറ്റ്, കോഴിക്കോട് | 21452/27.03.17 | 62505/- |
| അലീഡ് ഏജൻസീസ്, കോഴിക്കോട് | 2814/25.03.17 | 163131/- |
| കെയർ വെൽ ഫാർമ, മാനന്തവാടി | 5373/27.03.17 | 47610/- |

300000/- രൂപ മേൽ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും, പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 8/16-17/18.09.2017) നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ, മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ 300000/- രൂപ തടസ്സം ചെയ്യുന്നു.

## 3-4 ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി - പണം പിൻവലിച്ചെങ്കിലും

**പദ്ധതി നടപ്പാക്കിയിട്ടില്ല.**

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S277/17<br>ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി | 100000/-(വികസന ഫണ്ട്) | 5/31.03.17 | 100000/-(വികസന ഫണ്ട്) |

ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകാൻ വേണ്ടി വെറ്ററിനറി സർജൻ പിൻവലിച്ച 100000/- രൂപ ചെലവഴിച്ചതിന് യാതൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കാലിത്തീറ്റ സബ്സിഡി വിതരണം നടത്തിയ രേഖകൾ, കൈപ്പറ്റ് രശീതികൾ, ബാങ്ക് പാസ്സ് ബുക്കുകൾ എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/16-17/18.09.2017) നല്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. 31.03.17 ന് ട്രഷറിയിൽ നിന്നും പിൻവലിച്ച 100000/- രൂപ വെറ്ററിനറി സർജന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 035510106254) ഓഡിറ്റ് തീയതിയിലും അവശേഷിക്കുന്നുണ്ട്. മാർച്ച് മാസം പിൻവലിച്ച തുക 5 മാസം കഴിഞ്ഞിട്ടും ചെലവഴിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. (ജി.(ഒ.പി) 177/2006 /ധനം/12.04.2006 കാണുക) ചെലവ് രേഖകളുടെ അഭാവത്തിൽ 100000/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്തിട്ടില്ല.

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|
| S-55/17<br>എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 160000/-(വികസന ഫണ്ട്-SCP) | 4/28.03.17 | 139415/- |
| S-56/17<br>എസ്.റ്റി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 160000/-(വികസന ഫണ്ട്-SCP) | 3/28.03.17 | 139415/- |

40 എസ്.സി വിദ്യാർത്ഥികൾക്കും 40 എസ്.റ്റി വിദ്യാർത്ഥികൾക്കും മേശയും കസേരയും നൽ കുന്നതിനായി, നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 278830/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾ ഈ ആനുകൂല്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇതിന് മുമ്പ് കൈപ്പറ്റിയിട്ടില്ലെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേശയും ഫൈബർ കസേരയും വിതരണം ചെയ്യുന്നതിനായി തുറന്ന ടെണ്ടർ വിളിക്കുകയും ഏറ്റവും

കുറഞ്ഞ തുക ക്വോട്ട് ചെയ്ത FIDCO കോഴിക്കോടിന് പർച്ചേസിംഗ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. FIDCO ക്ക് നൽകിയ തുക താഴെ പറയുന്നു.

| പ്രോജക്ട് നമ്പർ / പേര് | FIDCO ബിൽ നമ്പർ / തീയതി | ബിൽ വിശദ വിവരം | നൽകിയ തുക |
|---|---|---|---|
| S-55/17<br>എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 318/10.03.17 | ടേബിൾ- 2618+379.61 (14.5%) = 2997.61<br>2997.61 x 40 = 119904<br>കസേര- 487 x 40 = 19511 | 139415/- |
| S56/17<br>എസ്.റ്റി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 318/10.03.17 | ടേബിൾ- 2997.61 x 40 = 119904<br>കസേര- 487 x 40 = 19511 | 139415/- |
| മൊത്തം | | 278830/- | |

എന്നാൽ , 4 എസ്.റ്റി കുട്ടികൾക്കും 2 എസ്.സി കുട്ടികൾക്കും മേശയും കസേരയും വിതരണം ചെയ്തിട്ടില്ല. 20-09-17 ന് നടത്തിയ സ്ഥല പരിശോധനയിൽ, പടിഞ്ഞാറത്തറയിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 6 മേശയും 6 കസേരയും(നീൽകമൽ ) ഒരു മുറിയിൽ അട്ടിയിട്ട് സൂക്ഷിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 40/20-09-2017) നൽകിയ മറുപടിയിൽ 6 മേശയും 6 കസേരയും കുട്ടികൾക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും ഹെഡ് മാസ്റ്റർമാരെ വിവരം അറിയിച്ചിട്ടുമുണ്ടെന്നാണ് വിശദീകരണം നൽകിയിരിക്കുന്നത്. 6 കസേരയുടെയും ( 487.77 x 6 = 2927/- ) 6 മേശയുടെയും (2997.61 x 6 = 17986/- ) വിലയായ 20913/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 വീട് പണി പൂർത്തിയാക്കിയിട്ടില്ല.

2016-2017 വർഷങ്ങളിൽ വി.ഇ.ഒനിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണ

പ്രൊജക്ടിൽ(പ്രൊജക്ട് നമ്പർ : S0120/17)ധനസഹായം കൈപ്പറ്റിയ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.
അടങ്കൽ - 3700000/- (ലോൺ -വയനാട് ജില്ല കോ-പ്പറേറ്റീവ് ബാങ്ക്)
ചെലവ് – 2080000/- (ലോൺ -വയനാട് ജില്ല കോ-പ്പറേറ്റീവ് ബാങ്ക് 2015-16)

| | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തിയായ സ്റ്റേജ് |
|---|---|---|---|
| 1 | സബിത മോൾ, മഞ്ഞൂറ | 180000/- | മേൽക്കൂര പൂർത്തിയായി |
| 2 | മറിയക്കുട്ടി ജോഷി, കാഞ്ഞിരത്തിങ്കൽ | 180000/- | മേൽക്കൂര പൂർത്തിയായി |
| 3 | ആമിന മൊയ്തു, ആക്കൂർ | 80000/- | തറപൂർത്തിയായി |
| 4 | ഏലിയാമ്മ, വാരാമ്പറ്റ | 180000/- | മേൽക്കൂര പൂർത്തിയായി |
| 5 | അനിത, കാഞ്ഞിരത്തിങ്കൽ | 140000/- | ചുമർ പൂർത്തിയായി |
| 6 | മേരി കിഴക്കരക്കാട് | 180000/- | മേൽക്കൂര പൂർത്തിയായി |
| 7 | നബീസ ജാഫർ, പുളിക്കൽ | 180000/- | മേൽക്കൂര പൂർത്തിയായി |
| 8 | ജോമോൻ റോയി, മുണ്ടക്കുറ്റി | 80000/- | തറ പൂർത്തിയായി |
| 9 | ഏലിയാമ്മ, പുതുശ്ശേരിക്കടവ് | 80000/- | തറ പൂർത്തിയായി |
| 10 | ഗൗരി, കുപ്പാടിത്തറ | 180000/- | മേൽക്കൂര പൂർത്തിയായി |
| 11 | സാലി, മുണ്ടക്കുറ്റി | 180000/- | മേൽക്കൂര പൂർത്തിയായി |

| | | | |
|---|---|---|---|
| 12 | കദീജ, അമ്പാറ്റക്കുന്ന് | 180000/- | മേൽക്കൂര പൂർത്തിയായി |
| 13 | നജ്മു വാരാമ്പറ്റ | 80000/- | തറ പൂർത്തിയായി |
| 14 | ഫാത്തിമ പുളശ്ശേരിക്കടവ് | 80000/- | തറ പൂർത്തിയായി |

വീട് പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 3-7 വി.ഇ.ഒ. യുടെ – ബാങ്ക് അക്കൗണ്ടിൽ പണം അവശേഷിക്കുന്നു.

വി.ഇ.ഒ യുടെ 3 ബാങ്ക് അക്കൗണ്ടുകളിൽ 31/03/2017 ന് 697014/- രൂപ ബാക്കിയുണ്ട്. വിശദ വിവരം ചുവടെ പറയുന്നു.

| അക്കൌണ്ട് വിവരം | 31/01/17 ന് ഉള്ള തുക |
|---|---|
| കാനറ ബാങ്ക് 035510106210(പ്ലാൻ) | 476711/- |
| കാനറ ബാങ്ക് 035510101235(ടി.എസ്.സി) | 181775/- |
| വയനാട് ഡിസ്ട്രിക്റ്റ് സഹകരണ ബാങ്ക് 130161201000053 (ലോൺ) | 38528/- |

പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദ വിവരം നൽകേണ്ടതാണ്. ബാക്കിയുള്ള തുക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്. (സ.ഉ. 177/2006 ധനം തിയ്യതി 12.04.2006 കാണുക)

## 3-8 കൃഷി ഓഫീസർ -രജിസ്റ്റർ/രേഖകളുടെ സൂക്ഷിപ്പ്- പൊതു അപാകതകൾ

കൃഷി ഓഫീസറുടെ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്തിൽ നിന്നുള്ള ഇടപാടുകൾ സപ്ലിമെന്ററി രജിസ്റ്ററിലാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. ടി.ആർ. 7 എ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

2. കൃഷി ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 035510106214) 31/03/2017 ന് 1585035/- രൂപ ബാക്കിയുണ്ട്. ക്യാഷ് ബുക്ക് എഴുതി സമർപ്പിക്കേണ്ടതാണ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

## 3-9 ആശ്രയപദ്ധതി വിഹിതം നല്കിയത് - ഫണ്ട്

<u>വിനിയോഗിക്കാനവശേഷിക്കുന്നു.</u>

ട്രഷറി ബിൽ നം.18/16-17/27.1.17 പ്രകാരം 100,000 /-രൂപ ആശ്രയപദ്ധതിക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.ഡി.എസിന് നല്കിയിട്ടുണ്ട്. ലഭിച്ച തുകയിൽ 75000/- രൂപ ഉപയോഗിച്ച് 3 ഗുണഭോക്താക്കളുടെ വീട് റിപ്പയർ നടത്തിയിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ചതായി കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 25000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-10 <u>സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടച്ചതിലെ അപാകതകൾ -</u>

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഒടുക്ക് രേഖകൾ പരിശോധിച്ചതിൽ പ്രതിമാസം 84875/- രൂപ തോതിൽ തുക ഒടുക്കുന്നുണ്ട് . ജല അതോറിറ്റി നല്കുന്ന ബില്ലിൽ 194 ടാപ്പുകളുടെ വെള്ളക്കരമെന്നാണ് പരാമർശിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ പൊതു ടാപ്പുകൾ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതായും രേഖകളില്ല. അതിനാൽ വെള്ളക്കരം അടച്ചതിന്റെ കൃത്യത തിട്ടപ്പെടുത്താനാകുന്നില്ല.

എ) മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം തുക പിൻവലിച്ചത് സംബന്ധിച്ച്.

പ്രൊജക്ട് നം.7/17പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിനായി (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) പദ്ധതി ആവിഷ്കരിക്കുകയും 10 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് നല്കിയ വിശദീകരണം പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ആദ്യം തനത് ഫണ്ടിൽ നിന്നും അടക്കുകയും പിന്നീട് ഈ ചെലവിനത്തിലേക്കായി ( ട്രഷറി ബിൽ നം.22/16-17/9.3.17പ്രകാരം) മേൽ പ്രകാരമുള്ള 10 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ റിക്കൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിൽ നല്കിയവിവരങ്ങൾ പ്രകാരം പ്രതിമാസം 84875/- രൂപ തോതിൽ 11 മാസം- 933625/- രൂപയേ ജല അതോറിറ്റിയിൽ അടച്ചിട്ടുള്ളൂ. അതനുസരിച്ച് 66375/- രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്.തൻവർഷം തുക അടച്ചതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 21600089/25.4.16 | 84875 | |
| 2 | 21600255/30.6.16 | 84875 | 5-ാംമാസംഅടച്ചതായി കാണുന്നില്ല |
| 3 | 21600330/18.7.16 | 84875 | |
| 4 | 21600404/17.8.16 | 84875 | |
| 5 | 21600613/20.10.16 | 169750 | 9,10 മാസങ്ങളിലെ തുക |
| 6 | 21600664/11.11.16 | 84875 | |
| 7 | 21600822/23.12.16 | 84875 | |
| 8 | 21600913/25.1.17 | 84875 | |
| 9 | 41600287/16.2.17 | 84875 | |
| 10 | 21601169/22.3.17 | 84875 | |
| | ആകെ | 933625 | |

അധികമായി പിൻവലിച്ച 66375/- രൂപ തിരികെ മെയിന്റനൻസ് ഗ്രാന്റിൽ തിരികെ

അടക്കാതിരുന്ന നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ മെയിന്റനൻസ് ഗ്രാന്റിൽ തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 66375/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.( അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/16-17/19.9.2017 ) തൃപ്തികരമായ മറുപടി നല്കിയിട്ടില്ല.)

ബി) വെള്ളക്കരം യഥാസമയം അടക്കാതെ വൻതുക ഫൈൻ ഒടുക്കുന്നു.

വെള്ളക്കരം യഥാസമയം അടക്കാത്തതിനാൽ വൻ തുക പഞ്ചായത്ത് ഫൈനായി നല്കേണ്ടിവരുന്നുണ്ട്. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

ഏപ്രിൽ 1 ന് (ഫൈൻ ഉൾപ്പെടെ) മുൻബാക്കി - 4,99,141/- രൂപ.

ഡിമാന്റ് പ്രകാരം തൻവർഷം അടക്കേണ്ട തുക

84875*12 = - 1018500/- രൂപ

ആകെ - 1517641/- രൂപ

തൻ വർഷം അടച്ച തുക - 933625/-രൂപ

31.3.17 ന് ബാക്കി തുക - 584016/-രൂപ

കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരമുള്ള ബാക്കി - 7,22,287/-രൂപ

അതനുസരിച്ച് ഫൈനായി അടച്ച തുക

7,22,287- 584016=138271/- രൂപ

മേൽ വിവരിച്ച പ്രകാരം ഫൈനായി നല്കിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടികളൊന്നും എടുത്തതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ 1,38,271/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

സി) ഓഡിറ്റിന് ലഭ്യമാക്കിയ (ജല അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് കം. റെമിറ്റൻസ് പത്രിക) രേഖകൾ പ്രകാരം 2015-16 അവസാനം 190 ടാപ്പുകളാണുള്ളത്.എന്നാൽ തൻവർഷം 194 വിതം ടാപ്പുകളുടെ വെള്ളക്കരമാണ് വാങ്ങിയിട്ടുള്ളത്. പൊതു ടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ കൃത്യത മനസ്സിലാക്കാൻ കഴിയുന്നില്ല.പുതുതായി സ്ഥാപിച്ച ടാപ്പുകൾ ഏതാണെന്ന് വ്യക്തമാക്കണമെന്നും രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/16-17/19.9.2017 ) തൃപ്തികരമായ മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്രകാരമുള്ള 4 ടാപ്പുകളുടെ വെള്ളക്കരമായി അടച്ച തുക 4*5250= 21000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഭവന നിർമ്മാണ പദ്ധതിയിൽ പഞ്ചായത്ത് വിഹിതം നല്കി- വീട് പണി പൂർത്തീകരിക്കാത്തത് - സംബന്ധിച്ച്

പി.എം.എ.വൈ. പദ്ധതിയിൽ പഞ്ചായത്ത് വിഹിതമായി താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വീട് പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | ട്രഷറി ബിൽ | തുക | കുറിപ്പുകൾ |
|---|---|---|---|

| | നം. | | |
|---|---|---|---|
| 1 | 13/16-17 /30.12.16 | 140000 | പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള വിഹിതം. ഒരാൾക്ക് 32500/- രൂപ തോതിൽ 32 പേർക്കായി 1040000/- രൂപ നല്കേണ്ടതിൽ പഞ്ചായത്ത് മുൻപ് അധികമായി നല്കിയ 900000/-രൂപ കുറച്ച് ബാക്കി നല്കേണ്ട തുക. എന്നാൽ 7 പേർ മാത്രമേ വീട് പണി ആരംഭിച്ചതായി കാണുന്നുള്ളൂ.ഇവർ വീട്ടുപണി പൂർത്തീകരിച്ചിട്ടുമില്ല. ആയതിനാൽ ഇനിയും 900000/-രൂപ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. |
| 2 | 14/16-17 /30.12.16 | 140000 | പട്ടിക ജാതി വിഭാഗത്തിനുള്ള ( ഒരാൾക്ക് 20000/- രൂപ തോതിൽ )വിഹിതം. 7 പേർ വീട് പണി ആരംഭിച്ചെങ്കിലും ഇവർ വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല. |
| 3 | 23/16-17 /9.3.17 | 80000 | മറ്റ് വിഭാഗത്തിനുള്ള വിഹിതം. വീട് പണി ആരംഭിച്ചെങ്കിലും ഇവർ വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല. |
| | ആകെ | 360000 | |

വീട്ടുപണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരിണം നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/16-17/18.9.2017) സെക്രട്ടറി നല്കിയ മറുപടിയിൽ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലമാണ് വീട് പണി ആരംഭിക്കാൻ വൈകിയത് എന്നാണ്. വീട് പണി എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കണം. മേല് ക്രമനം.1ൽ പരാമർശിക്കുന്ന പ്രകാരം മുൻകാലങ്ങളിൽ അധികം നല്കിയ 900000/-രൂപ തിരികെ ഈടാക്കി വിവരംഓഡിറ്റിൽ അറിയിക്കണം. മേൽപ്രകാരം ചെലവഴിച്ച തുക 360000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - എസ്റ്റിമേറ്റ് നിരക്കുകൾ - സി.പി.ഡബ്യു.ഡി.(ഡി.എ.ആർ.)നിരക്കുകളേക്കാൾ അധികം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ മെറ്റീരിയൽ ഉപയോഗിച്ചുള്ള വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കുകൾ സി.പി.ഡബ്യു.ഡി.(ഡി.എ.ആർ.)നിരക്കുകളേക്കാൾ അധികമാണെന്ന് കണ്ടു.

തൻവർഷം ഈ പദ്ധതിയിൽ നടപ്പാക്കിയ 13 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പ്രധാന ഇനങ്ങൾക്ക് കണക്കാക്കിയിരിക്കുന്ന നിരക്കുകൾ, 'പ്രൈസ്'' എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ്സ് ചാർജ്ജും ഉൾപ്പെടെയുള്ള നിരക്കുകളേക്കാൾ അധികരിച്ച തുകയാണ്. വിശദവിവരം താഴെക്കൊടുക്കുന്നു.

എ) ഡാറ്റ കോഡ് നം. 4.1.3. - 1:2:4 അനുപാത കോൺക്രീറ്റിംഗ്

'പ്രൈസ്'' എസ്റ്റിമേറ്റ് നിരക്ക് - 7600.89/ഘ.മീ.

' സെക്യുർ' എസ്റ്റിമേറ്റ് നിരക്ക് - 7746.95/ഘ.മീ.

വ്യത്യാസം - 146.06/ഘ.മീ. (1.92%)

ബി) ഡാറ്റ കോഡ് നം. 4.1.8. - 1:4:8 അനുപാത കോൺക്രീറ്റിംഗ്

'പ്രൈസ്'' എസ്റ്റിമേറ്റ് നിരക്ക് - 5980.75/ഘ.മീ.

' സെക്യൂർ' എസ്റ്റിമേറ്റ് നിരക്ക് - 6426.95/ഘ.മീ.

വ്യത്യാസം - 446.2/ഘ.മീ. (7.46%)

അപാകതകൾ സംബന്ധിച്ച് വിശദീകരിക്കണമെന്നും നിരക്കുകൾ കണക്കാക്കുന്നതിന് ആധാരമാക്കിയ അംഗീകൃത ലോക്കൽ നിരക്കുകളുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി(നം. 3/16-17/18.9.2017 ) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വ്യത്യാസം വിശദീകരിക്കുന്നതിന് ഉതകുന്ന രേഖകളോ വിശദീകരണമോ ഓഡിറ്റിന് നല്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതും ,സെക്യൂർ നിരക്കുകൾ കണക്കാക്കിയതിന്റെ വിശദവിവരങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ഉപയോഗിച്ചുള്ള വർക്കുകൾ - സാധനങ്ങളുടെ വിതരണം- വാറ്റ് ഈടാക്കിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ മെറ്റീരിയൽ ഉപയോഗിച്ചുള്ള വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

13 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. അതിനായി കരിങ്കല്ല്, മണൽ, സിമന്റ് മുതലായവ ടെണ്ടർ മുഖാന്തിരം വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ വർക്കിലും ഉപയോഗിച്ച വസ്തുക്കളുടെ അളവിന് അനുസൃതമായി വിതരണക്കാരന് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിതരണക്കാരൻ വിതരണം നടത്തിയ സാധനങ്ങളുടെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല(ഫയലിൽ ഇല്ല). സാധനങ്ങളുടെ (വാറ്റ് ബിൽ ഹാജരാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ ഔചിത്യം വ്യക്തമാകുന്നില്ല. എന്നാൽ സാധനങ്ങളുടെ വില അനുവദിച്ചപ്പോൾ അതാതിനങ്ങൾക്ക് ബാധകമായ വാറ്റ് തുക ഈടാക്കാതെ തുക അനുവദിച്ചത് ശരിയായ നടപടിയല്ല. സെക്രട്ടറി നല്കിയ വിവരങ്ങൾ പ്രകാരം ഓരോ വർക്കിലും നല്കിയ സാധനങ്ങളുടെ വിവരങ്ങളും അവയ്ക്ക് ഈടാക്കേണ്ടിയിരുന്ന വാറ്റ് തുകയുടെ വിവരങ്ങളും താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മെറ്റൽ 10 എം എം @1950 | മെറ്റൽ 20 എം എം @2150 | മെറ്റൽ 40 എം എം @1965 | മണൽ @ 3200, 3250 | സിമന്റ് @ 9000/ -ടൺ | കരാറുകാരന് നൽകിയത് | എഫ്.ടി.ഒ നമ്പർ / റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | ഞേർളേരി വിമൂല റോഡ് കോൺക്രീറ്റ് | 3.713 | 16.706 | 14.625 | 18.084 | 9.200 | 216794 | KL1603001005 _310317FTO_576989 |
| 2 | എടക്കാടന്മുക്ക് അംഗൺവാടി റോഡ് പൂർത്തീകരണം | 2.021 | 9.096 | 7.963 | 9.846 | 5.000 | 117467 | KL1603001005_ 310317FTO_576141 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | വലിയകണ്ടിക്കടവ് നടപ്പാത കോണ്ക്രീറ്റ് | 1.671 | 7.518 | 6.580 | 8.138 | 4.150 | 97239 | KL1603001005_ 300317FTO_570213 |
| 4 | തേര്ത്ത്കുന്ന് റോഡ് കോൺക്രീറ്റ് | 1.980 | 8.910 | 7.800 | 9.645 | 4.900 | 115086 | KL1603001005 _310317FTO_576989 |
| 5 | പൊന്കുന്ന് നടപ്പാത കോണ്ക്രീറ്റ് | 1.650 | 7.425 | 6.500 | 8.038 | 4.100 | 96052 | KL1603001005 _310317FTO_576989 |
| 6 | മണ്ടോക്കര മമ്മൂട്ടിപ്പടി റോഡ് കോൺക്രീറ്റ് | 3.812 | 17.152 | 15.015 | 18.567 | 9.450 | 221696 | KL1603001005 _310317FTO_576141 |
| 7 | പന്തിപ്പൊയിൽ തോട്ടം റോഡ് കോൺക്രീറ്റ് | 3.812 | 17.152 | 15.015 | 18.567 | 9.450 | 221697 | KL1603001005 _310317FTO_575961 |
| 8 | പതിനാറാംമൈൽ ചെമ്പകമൂല അമ്പലപ്പടി റോഡ് കൺക്രീറ്റ് | 3.119 | 16.300 | 18.428 | 19.632 | 9.348 | 228932 | KL1603001005 _300317FTO_568492 |
| 9 | കക്കടവ് വേങ്ങേരിക്കുന്ന് റോഡ് കോണ്ക്രീറ്റ് | 3.762 | 16.930 | 14.820 | 18.330 | 9.348 | 219909 | KL1603001005 300317FTO_568492 |
| 10 | മാനിയില് മച്ചിങ്ങൽക്കുന്ന് റോഡ് കോണ്ക്രീറ്റ് | 3.787 | 17.041 | 14.918 | 18.447 | 9.400 | 221277 | KL1603001005 _310317FTO_576141 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | കണ്ണോത്ത്കുന്ന് കോളോത്ത്പടി റോഡ് കോൺക്രീറ്റ് | 3.795 | 17.078 | 14.950 | 18.486 | 9.400 | 221517 | KL1603001005 _310317FTO_576394 |
| 12 | കാവരപ്പള്ളി മാടത്തുംപാറ റോഡ് കോൺക്രീറ്റ് | 3.880 | 17.463 | 15.288 | 18.900 | 9.600 | 226453 | KL1603001005 _310317FTO_576394 |
| 13 | മാങ്കോട്ട് മൂലംവേലിൽ റോഡ് കോൺക്രീറ്റ് | 3.795 | 17.077 | 14.950 | 18.480 | 9.400 | 212599 | KL1603001005 _300317FTO_568492 |
| | ആകെ അളവ് | 40.797 | 185.848 | 166.852 | 203.160 | 102.746 | 2416718 | ഈ തുകയിൽ 23,79,181 രൂപ താഴെപ്പറയും പ്രകാരമുള്ള മെറ്റീരിയൽ വിലയും ബാക്കി തുക മറ്റിനങ്ങളിലുള്ള തുകയുമാണ്. |

മേൽ പ്രകാരം ആകെ ഉപയോഗിച്ച മെറ്റീരിയലും അതിന് അനുവദിച്ച തുകയും അതിൽ ഈടാക്കേണ്ടിയിരുന്ന വാറ്റിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | അളവ് /യൂണിറ്റ് | നിരക്ക് /യൂണിറ്റ് | തുക | വാറ്റ് നിരക്ക് | വാറ്റ് തുക |
|---|---|---|---|---|---|---|
| 1 | 10 എം എം കല്ല് | 40.797ഘ.മീ | @1950/-ഘ.മീ | 79554 .15 | 14.5% | 11535.35 |
| 2 | 20 എം എംകല്ല് | 185.848ഘ.മീ | @2150/-ഘ.മീ. | 399573.2 | 14.5% | 57938.11 |
| 3 | 40 എം എം കല്ല് | 166.852 ഘ.മീ | @1965/-ഘ.മീ. | 327864.18 | 14.5% | 47540.31 |

| | | | | | | |
|---|---|---|---|---|---|---|
| 4 | സാന്റ് | 203.160ഘ.മീ. | @ 3200, 3250/-ഘ.മീ. | 647475.62 | 14.5% | 93883.96 |
| 5 | സിമന്റ് | 102.746ടൺ | @ 9000/-ടൺ | 924714.00 | 14.5% | 134083.53 |
| | ആകെ | | | 2379181.15 | | 344981.26 |

പേമെന്റ് നല്കിയപ്പോൾ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് ബില്ലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ ഇനങ്ങൾക്ക് ബാധകമായ നിരക്കിൽ വാറ്റ് ആയി 344981/- രൂപ ഈടാക്കാതെ തുക നല്കിത് ഉചിതമായില്ല. അതിനാൽ വാറ്റിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക വിതരണക്കാരന് നല്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. തുക എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 വായ്പകളുടെ തിരിച്ചടവ് - വിശദ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

താഴെപ്പറയുന്ന പ്രകാരം വായ്പകളുടെ തിരിച്ചടവിനായി സെക്രട്ടറി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും തുക വായ്പ/ പലിശ കണക്കിൽ വരവ് വെച്ചതിന്റെ വിവരങ്ങളില്ല. മാത്രമല്ല, അടച്ച തുക മുതലാണോ പലിശയാണോ എന്നും വ്യക്തമല്ല.

1. ട്രഷറി ബിൽ ബുക്ക് ക്രമ നം.11/16-17/30.12.16 19,00,000/-രൂപ ( ഇ.എം.എസ്.ഭവന വായ്പ തിരിച്ചടവ്)
2. ട്രഷറി ബിൽ ബുക്ക് ക്രമ നം.12/16-17/30.12.16 20,00,000/-രൂപ.

   (തണൽ ഭവന വായ്പ തിരിച്ചടവ്)
3. ട്രഷറി ബിൽ ബുക്ക് ക്രമ നം.25/16-17/9.3.17 3,17,855/-രൂപ.

   ( ഇ.എം.എസ്.ഭവന വായ്പ തിരിച്ചടവ്)

ആകെ - 42,17,855/- രൂപ.

രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 29/16-17/18.9.2017) നല്കിയെങ്കിലും രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല . രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഗ്രാമപഞ്ചായത്ത് ഫണ്ട് യഥാവിധം വിനിയോഗിച്ചു എന്നുറപ്പാക്കേണ്ടതുമാണ്. അതിനാൽ ചെലവഴിച്ച തുക 42,17,855/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-15 തെരുവ് വിളക്കുകൾ - അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്ക് ചാർജ് അടക്കുന്നതിനായും , തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും റിപ്പയർ നടത്തുന്നതിനുമായും തൻവർഷം പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ ചെലവുകൾക്ക്ആധാരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

1) തെരുവ് വിളക്ക് ചാർജ്.

വിവധ തെരുവ് വിളക്കുകളുടെ ചാർജ് അടക്കുന്നതിനായി തൻവർഷം തുകചെലവഴിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എവിടെയൊക്കെസ്ഥിതി ചെയ്യുന്നുവെന്ന (അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് തുടങ്ങിയ- വേർ തിരിച്ചറിയാവുന്ന) വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ പഞ്ചായത്ത് വൈദ്യുതി ചാർജ് അടക്കുന്ന തുകക്ക് അനുസൃതമായി വിളക്കുകൾ ഉണ്ടോ

എന്ന് വ്യക്തമല്ല.രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/16-17/18.9.2017) മറുപടിയൊന്നും നല്കിയിട്ടില്ല.

2)തെരുവ് വിളക്ക് സ്ഥാപന/ റിപ്പയർ പദ്ധതികൾ - രേഖകൾഇല്ല.

താഴെപ്പറയുന്ന പദ്ധതികൾപ്രകാരം തൻവർഷം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും റിപ്പയർ നടത്തുന്നതിനുമായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ ചെലവുകൾക്ക്ആധാരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ നിലവിലുള്ളവയോടൊപ്പം പുതിയവ കൂടെ കൂട്ടിച്ചേർത്ത് നിലവിലുള്ള ആകെ വിളക്കുകളുടെ (അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് തുടങ്ങിയ- വേർ തിരിച്ചറിയാവുന്ന വിവരങ്ങൾ ഉൾപ്പെടെ) ഡാറ്റ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. അതിനാൽ പുതുതായി സ്ഥാപിച്ച എന്ന് അവകാശപ്പെടുന്നവ ഏതാണെന്ന് തിട്ടപ്പെടുത്താനാകുന്നില്ല. റിപ്പയർ ചെയ്തതായി പറയുന്ന വിളക്കുകൾ എപ്പോൾ സ്ഥാപിച്ചുവെന്നോ, അവയുടെ വാറണ്ടി/ഗ്യാരന്റി കാലയളവ് ഏതാണെന്നോ രേഖകളില്ല.

എ) പ്രൊജക്ട് നം.83/17 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

ട്രഷറി ബിൽ നം.35/16-17/31.3.17 – 400,000/-രൂപ.(വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ്)

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ മേൽബില്ല് പ്രകാരമുള്ള 160 എൽ.ഇ.ഡി. വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്ന് തിട്ടപ്പെടുത്താനാകുന്നില്ല. അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് തുടങ്ങിയ- വേർ തിരിച്ചറിയാവുന്ന വിവരങ്ങൾ ഉൾപ്പെടെയുള്ള ഡാറ്റ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. വിളക്കുകൾ സ്ഥാപിച്ച വിവരം കെ.എസ്.ഇ.ബി. അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിളക്കുകൾ സ്ഥാപിച്ച വിവരം പഞ്ചായത്ത് അധികൃതർ കെ.എസ്.ഇ.ബി. അധികൃതരെ അറിയിക്കുകയോ തെരുവ് വിളക്കുകളുടെ കണക്കുകളിൽ ഉൾക്കൊള്ളിച്ചതായോ രേഖകളില്ല.തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രേഖകൾ ഉണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നും അപാകതകൾ വിശദീകരിക്കണമെന്നും ഓഡിറ്റ് എൻക്വയറി (നം. 5/16-17/18.9.2017)മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, രേഖകളുടെ അഭാവത്തിൽ, മേൽപ്രകാരമുള്ള ചെലവ് ,(1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12 കാണുക) ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി)പ്രൊജക്ട് നം. 89/17 തെരുവ് വിളക്കുകളുടെ റിപ്പയർ.

ട്രഷറി ബിൽ നം.24/16-17/9.3.17 - 200,000/-രൂപ.

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ റിപ്പയർ നടത്താനുള്ള വിളക്കുകൾ ഏതാണെന്നോ രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. റിപ്പയർ ചെയ്ത വിളക്കുകൾ എപ്പോൾ സ്ഥാപിച്ചതാണെന്നോ, അവയുടെ ഗ്യാരന്റി/വാറന്റി കാലയളവോ ഏതാണെന്ന് രേഖകളോ ,വിവരങ്ങളോ - ഫയലിലോ/രജിസ്റ്ററിലോ ഇല്ല. ഈ രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (നം. 5/16-17/18.9.2017)മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല റിപ്പയർ ചെയ്തതായി ബിൽ പ്രകാരം 235 വിളക്കുകളാണ് എന്നാൽ വിവധ വാർഡുകളിൽ റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയ പട്ടികകൾ പ്രകാരമുള്ള വിളക്കുകളുടെ എണ്ണം 385 ആണ്. ഈ വൈരുദ്ധ്യം വിശദീകരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ, രേഖകളുടെ അഭാവത്താലും കൃത്യതയില്ലാത്തതിനാലും, മേൽപ്രകാരമുള്ള ചെലവ്, (1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 കാണുക) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3- 16 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെഐ.സി.ഡി.എസ്.ബി 3-312/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 2016-17 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചതിന്റെയും അതിൻമേലുള്ള റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 43 /16-17/ 20.09.17 ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-17 അങ്കണവാടി മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നില്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാരം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് നല്കേണ്ടത് ഗ്രാമസഭാ മെമ്പർമാർ അടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. എന്നാൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ലായെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 43 /16-17/ 20.09.17 ന് മറുപടി ലഭ്യമാക്കിയില്ല. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തതിലെയും വിതരണം ചെയ്തതിലേയും അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നം. | 13/16-17 -അങ്കണവാടി പോഷകാഹാരം (ജനറൽ)- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 21,50,000/ |
| ബിൽനം | 1) 1/16-17-തിയ്യതി-22.10.16- 609559/- രൂപ<br>2) 4/16-17-തിയ്യതി-26.11.16- 422030/- രൂപ<br>3)10 /16-17-തിയ്യതി-14.03.17- 118411/- രൂപ<br>4)കേന്ദ്രവിഹിതം-1,84,289/-<br>ചെക്ക്നം.287832 തിയ്യതി 18.03.17<br>ആകെ-13,34,289/- |

2)

| | |
|---|---|
| പ്രോജക്ട് നം. | 14/16-17 -അങ്കണവാടി പോഷകാഹാരം (എസ്.സി.പി .)- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 6,00000/ |

| | |
|---|---|
| ബിൽ നം. | 1) 9/16-17-തിയ്യതി-14.03.17- 72,275/- രൂപ<br>2) 7/16-17-തിയ്യതി-26.01.17- 38041/- രൂപ<br>3)02 /16-17-തിയ്യതി-22.10.16- 4,89,684/- രൂപ<br>ആകെ-6,00000/- |

3)

| | |
|---|---|
| പ്രോജക്ട് നം. | 15/16-17 -അങ്കണവാടി പോഷകാഹാരം (എസ്.സി.പി .)- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 11,00000/- |
| ബിൽ നം. | 1) 6/16-17-തിയ്യതി-26.01.17- 569509/- രൂപ<br>2) 3/16-17-തിയ്യതി-22.10.16- 391407/- രൂപ<br>3) 14 /16-17-തിയ്യതി-24.03.17- 139084/- രൂപ<br>ആകെ-11,00000/- |

മേൽ പദ്ധതികളിലായി പുതുശ്ശേരി കടവിലുള്ള 'ഒരുമ' അമൃതം ഫുഡ് സപ്ളിമെന്റ്എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തതിലെയും വിതരണം ചെയ്തതിലേയും അപാകതകൾ താഴെപ്പറയുന്നു.

| ക്രമനം | ട്രഷറി ബിൽ നം | ഇൻവോയ്സ് നം/തുക | വാങ്ങിയ തൂക്കം(കി.ഗ്രാം) | സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് |
|---|---|---|---|---|
| 1 | 04/16-17 തിയ്യതി 26/10/16 4,22,030/- | 15-1,05840/-16 /11/16 | 2219 | 2219 |
| 2 | 06/16-17- തിയ്യതി26/01/17 5,69,509/- | 13- 1,24264/-16 /11/16 | 1890 | 0 |
| 3 | 10/16-17- തിയ്യതി 14.03.17 1,18,411/- | 24-1,18411/- 26.02.17 | 1691.585<br>588.70<br>ആകെ-2280.285 | 2392.25 |
| 4 | 09/16-17 തിയ്യതി14.03.17 72275/- | 25-41,209/- 26.02.17 | | |
| 5 | 03/16-17 തിയ്യതി 22.10.16 391407/- | 11-100800/- 30.09.16 | 1800 | 1770 |
| 6 | കേന്ദ്രവിഹിതം-1,84,289/- ചെക്ക്നം.287832 തിയ്യതി 18.03.17 | 18-1,65,865/- 26.01.17 | 2369.5 | 2369.5 |
| 7 | | 16-18,424/- 16.01.16 | 329 | 2214 |
| 8 | 02/16-17തിയ്യതി 22/10/16 4,89,684/- | 08-105252/- തിയ്യതി ലഭ്യമല്ല | 1879.50 | എത് മാസം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തുവെന്ന് വ്യക്തമല്ല. |
| 9 | | 09-100800/- 08/08/16 | 1800 | 1800 |

| | | | | |
|---|---|---|---|---|
| 10 | 14/16-17 തിയ്യതി 24.03.17 139084/- | 31-139084/- 20.03.17 | 1986.875 | 2325.375 |
| 11 | 01/16-17 തിയ്യതി 22.10.16 609559/- | 01-113400/- 27.04.16 | 2025 | 2025 |
| 12 | | 04-99036/- 31.05.16 | 1768.50 | 1768.50 |
| 13 | | 96-113400/- 21.03.16 | 2025/- | 2025 |

വാങ്ങിയതിനേക്കാൾ കുറവായോ കൂടുതലായോ ആണ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ ബില്ലുകളിലൊന്നിലും ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്റ്റോക്കിലെടുത്തതിന്റെ സർട്ടിഫിക്കറ്റ് എഴുതിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 43 /16-17/ 20.09.17 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതികളിലായി ചെലവഴിച്ച 30,34,289/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-19 ന്യൂട്രിമിക്സ് വാങ്ങിയതിന് തെറ്റായി കുടിശ്ശിക നല്കി

സ.ഉ(സാ.ധാ.)നം.421/2017/തസ്വഭവ തിയ്യതി 14/02/2017 പ്രകാരം 12/2016 മുതൽ ന്യൂട്രിമിക്സിന് കി.ഗ്രാമിന് 56/- രൂപയിൽ നിന്നും 70 /- രൂപയാക്കി വർദ്ധിപ്പിച്ചതിന് മുൻകാല പ്രാബല്യം നല്കിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നം.14/16-17-അങ്കണവാടി പോഷകാഹാരം (എസ്.സി.പി) പദ്ധതിയിൽപ്പെടുത്തി (ട്രഷറി ബിൽ നം. 09/16-17 -14/03/17- 72,275/-) 12/2016 ൽ 2219 കി. ഗ്രം ന്യൂട്രിമിക്സ് വാങ്ങിയ വകയിലുള്ള കുടിശ്ശിക നല്കാനായി 31066/- രൂപ (ഇൻവോയ്സ് നം.23 തിയ്യതി-26.02.17) ചെലവഴിച്ചു. (14x2219) 12/2016 ൽ 22 കെ.ജി. ന്യൂട്രിമിക്സ് വാങ്ങിയതായി സ്റ്റോക്കിലെടുത്തെങ്കിലും ഈ മാസത്തിൽ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. ആയതിനാൽ കുടിശ്ശിക നല്കേണ്ട കാര്യവുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 43 /16-17/ 20.09.17 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 31066/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-20 പാചക വാതക സിലിണ്ടർ വാങ്ങിയതിന് ക്യാഷ് മെമ്മോ (കസ്റ്റമർ കോപ്പി) ഇല്ലാതെ തുക നല്കി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിക്കുന്ന ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ പാചക വാതക സിലിണ്ടർ വാങ്ങിയതിന് ക്യാഷ് മെമ്മോ (കസ്റ്റമർ കോപ്പി) ഇല്ലാതെ ഗ്യാസ് എജൻസിയുടെ കൈപ്പറ്റ് രസീത് വച്ച് മാത്രം തുക നല്കിയതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ട്രഷറി ബിൽനം/തുക | അങ്കണവാടി നം. | പുത്തൻപുരയ്ക്കൽ ഗ്യാസ് ഏജൻസി,വെള്ളമുൻണ്ട യുടെ രസീത് നം/ തിയ്യതി/ | തുക |
|---|---|---|---|---|
| 1 | 01/16-17- 22.10.16-609559/- | 4 | 1325-16/07/16/ - | 1110 |
